# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കണ്ണമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM.14/1417/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 31/07/2024
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണ്ണമംഗലം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM.14/1417/24 തീയ്യതി: 31/07/2024

# മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-08-2023 മുതൽ 19-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-06-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 20-06-2024 | 27-06-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-06-2024 | 27-06-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റിഷിൽ.പി, ഓഡിറ്റ് ഓഫീസർ

ശ്രീ.മുഹമ്മദ് സലീം ടി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.രാമകൃഷ്ണൻ ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.മുഹമ്മദ് നൗഷാദ് എ കെ , ഓഡിറ്റർ

ശ്രീമതി.സക്കീന കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.യു..ഹംസ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. രമേശ്.പി | സെക്രട്ടറി | 01-04-2023 | 12-01-2024 |
| | | 19-01-2024 | 31-03-2024 |
| ശ്രീ.ഭാസ്ക്കരൻ പുളിക്കാനി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-01-2024 | 18-01-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഭാസ്ക്കരൻ പുളിക്കാനി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീ.ജംഷീദ്.കെ | കൃഷി ഓഫീസർ | 01-04-2023 | 09-10-2023 |
| ശ്രീമതി.ഹംന | കൃഷി ഓഫീസർ | 09-10-2023 | 06-12-2023 |
| ശ്രീ അബ്ദുസലീം വില്ലൻ | കൃഷി ഓഫീസർ | 07-12-2023 | 31-03-2024 |
| ശ്രീ നിഖിൽ.ജെ.കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 01-05-2023 |
| ശ്രീ സജീഷ് സി | അസിസ്റ്റന്റ് എഞ്ചിനീയർ | 02-05-2023 | 15-06-2023 |
| | | 19-06-2023 | 18-07-2023 |
| ശ്രീമതി.രഞ്ചു ആർ പിള്ളൈ | അസിസ്റ്റന്റ് എഞ്ചിനീയർ | 16-06-2023 | 18-06-2023 |
| | | 19-07-2023 | 29-11-2023 |
| ശ്രീമതി.അനീസ കെ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 30-11-2023 | 28-12-2023 |
| ശ്രീമതി.ഐഷ്വര്യ വി എം | അസിസ്റ്റന്റ് എഞ്ചിനീയർ (താത്കാലികം) | 29-12-2023 | 31-03-2024 |
| ശ്രീമതി.മുബീന.എം.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഡോ.ശശികല | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2023 | 26-06-2023 |
| ഡോ.ഫൗസിയ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 27-06-2023 | 31-03-2024 |
| ഡോ.സാജിത.പി.എം | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീ.ബിനു സുധാകർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ.നഹ്‌ല പി.എം | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2023 | 31-03-2024 |
| ശ്രീ.മുഹമ്മദ്.ഒ | ഹെഡ്മാസ്റ്റർ | 01-04-2023 | 18-07-2023 |
| ശ്രീ.മുഹമ്മദ് ഹനീഫ | ഹെഡ്മാസ്റ്റർ | 19-07-2023 | 31-03-2024 |
| ശ്രീ.മനോജ്.വി | വി.ഇ.ഒ,കണ്ണമംഗലം സർക്കിൾ | 01-04-2023 | 03-07-2023 |

| | | | |
|---|---|---|---|
| ശ്രീമതി.സനിത പി | വി.ഇ.ഒ | 04-07-2023 | 31-03-2024 |
| ശ്രീ.രാഹുൽ | വി.ഇ.ഒ, ചേറൂർ സർക്കിൾ | 21-11-2023 | 31-03-2024 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | വാർഷിക അനുപാതങ്ങൾ,പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. | 1-1-2 |
| 4 | ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബുക്ക് ബാലൻസ് രേഖപ്പെടുത്തിയതിൽ വ്യത്യാസം. | 1-1-3 |
| 5 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-4 |
| 6 | ചെലവ് തുക തെറ്റായ ഹെഡ്ഡിൽ ബുക്ക് ചെയ്തു. | 1-1-5 |
| 7 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ,ടോട്ടൽ സാനിറ്റേഷൻ ക്യാമ്പയിൻ എന്നീ ഇനത്തിൽ അവശേഷിക്കുന്ന തുക ബാങ്ക് അക്കൗണ്ട് തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | വാർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല. | 1-1-7 |
| 9 | ഗ്രാന്റ് ഇന ചെലവ് വാർഷിക കണക്ക്, എ സി ആർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-9 |
| 11 | കാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നും പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം. | 1-3 |
| 15 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പു പദ്ധതി | 1-6 |
| 18 | ക്ഷേമപദ്ധതികൾ | 1-7 |
| 19 | ക്യാഷ് പരിശോധന | 1-8 |
| 20 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | "മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ "- അവലോകനം | 1-11 |
| 23 | ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഒരുക്കാത്ത കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകി. | 1-12 |
| 24 | വസ്തുനികുതി നിർണ്ണയം - അപാകത | 1-13 |
| 25 | ലൈസൻസ് -അപാകതകൾ | 1-14 |
| 26 | വാർത്താ വിനിമയ ഗോപുരങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, നികുതി നിർണ്ണയം-വിവരം ലഭ്യമല്ല | 1-15 |
| 27 | കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു- വരുമാന നഷ്ടം | 1-16 |
| 28 | ഫിറ്റ്നസ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു. | 1-17 |
| 29 | സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ; വിശദാംശം ലഭ്യമാക്കിയില്ല. | 1-18 |
| 30 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ലാത്തവർക്ക് ആനുകൂല്യം നൽകി | 1-19 |
| 31 | വീട് വാസയോഗ്യമാക്കൽ പദ്ധതികൾ - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-20 |

| | | |
|---|---|---|
| 32 | എം.സി.എഫ്. നിർമ്മാണം - വിഭാവനം ചെയ്ത പ്രവൃത്തികൾ കരാർ കാലയളവിൽ ചെയ്യുന്നില്ല | 1-21 |
| 33 | മരാമത്ത് പ്രവൃത്തിയിൽ കരാറുകാർക്ക് അധികം അനുവദിച്ച തുക ഓഡിറ്റ് അന്വേഷത്തിന് മറുപടിയായി തിരിച്ചടവാക്കി | 1-22 |
| 34 | മരാമത്ത് പ്രവൃത്തികളിൽ Letter Of Acceptance ഇഷ്യു ചെയ്യുന്നതിന് മുമ്പ് തന്നെ കരാർ ചമച്ചു | 1-23 |
| 35 | അസി.എഞ്ചിനീയർ - കാഷ്ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നില്ല | 1-24 |
| 36 | Advance To Implementing Agencies - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവാത്തത് / തുക തിരിച്ച് ഈടാക്കാത്തത് സംബന്ധിച്ച് | 1-25 |
| 37 | നിശ്ചിത സമയത്തിനകം കരാർ ചമക്കാത്ത കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചില്ല | 1-26 |
| 38 | വി ഇ ഒ ഓഫീസിലേക്ക് പ്രിന്റർ വാങ്ങൽ - പ്രിന്റർ ലഭ്യമായില്ല | 1-27 |
| 39 | ലൈഫ് ഭവനനിർമ്മാണം -അഡ്വാൻസ് തുക കൈപ്പറ്റി - ഭവനനിർമ്മാണം ആരംഭിച്ചില്ല | 1-28 |
| 40 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അപാകത | 1-29 |
| 41 | ഡെപ്പോസിററ് പ്രവർത്തികൾ - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല. | 1-30 |
| 42 | ഗ്രാമവണ്ടി അനുബന്ധ ചെലവുകൾ - വിശദവിവരം ലഭ്യമാക്കേണ്ടതാണ്. | 1-31 |
| 43 | ഇലക്ട്രിഫിക്കേഷൻ പദ്ധതി -നിർവ്വഹണത്തിലെ അപാകതകൾ | 1-32 |
| 44 | ഭിന്ന ശേഷി കലോത്സവം- ക്വട്ടേഷൻ, മറ്റ് അപാകതകൾ | 1-33 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകി | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 80) ആയതിനാൽ വാർഷികകണക്ക് പ്രകാരമുള്ള ആസ്തികളുടെ ആധികാരിക പരിശോധിക്കാനായിട്ടില്ല.

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കണ്ണമംഗലം ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 30.05.2024 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 31.05.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി,കണ്ണമംഗലം ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

മലപ്പുറം
തീയതി : 31-07-2024

### 1-1-2 വാർഷിക അനുപാതങ്ങൾ,പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികക്കൊപ്പം

## സമർപ്പിച്ചിട്ടില്ല.

പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ, മുൻ വർഷത്തെ താരതമ്യ തുകകൾ (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62 (ഇ), (എഫ്) , 62 (3) എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-3 ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബുക്ക് ബാലൻസ് രേഖപ്പെടുത്തിയതിൽ വ്യത്യാസം.

ലഭ്യമാക്കിയ ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത അക്കൗണ്ടിന്റെ 31.03.2024ലെ റീ കൺസീലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് ബുക്ക് നീക്കിയിരിപ്പും യഥാർഥ ബാങ്ക് ബുക്ക് നീക്കിയിരിപ്പും (വാർഷിക കണക്ക് 40(B)) പൊരുത്തപ്പെടുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് | റീ കൺസീലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ( 31.03.24) | ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ( 31.03.24) |
|---|---|---|
| Vegara Service Co-Operative Bank(VKV00300800001746) | 6,307,322.00 | 62,66,523 |

## 1-1-4 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

B4 ൽ ഉൾപ്പെടുത്തിയ പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ ഇല്ലാത്ത ചുവടെ ചേർത്ത ഇനങ്ങളുടെ നീക്കിയിരിപ്പ് പരിശോധിക്കാൻ ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

| Head Code | Item | Amount |
|---|---|---|
| 320100162 | Sarva Siksha Abhiyan | 5,20,000 |
| 320100190 | Vimukthi Grant | 40,200 |
| 320100196 | Integrated Child Developement Scheme | 59,66,920 |
| 320100999 | Other Liabilities | 26,200 |
| 320200399 | Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Other Purposes | 26,201 |
| 320300103 | Grants, Funds & Contributions For Specific Purposes - Other Government Agencies - Total Sanitation 1,129,199. | 11,29,199 |
| 320400101 | Grants, Funds & Contributions For Specific Purposes - Financial Institutions- Nabard Assistance | 15,101 |
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 155,122 |

## 1-1-5 ചെലവ് തുക തെറ്റായ ഹെഡ്ഡിൽ ബുക്ക് ചെയ്തു.

1.ഡെപ്പോസിറ്റ് വർക്കിനായി (പ്രോജക്ട് നമ്പർ151/24 )സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനായി ആകെ 14,29,517 രൂപ /-രൂപ ,കെ എസ് ഇ ബിക്ക് അഡ്വാൻസായി നൽകിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്ക് പരിശോധിച്ചതിൽ ഇത് വാർഷിക കണക്കിൽ അഡ്വാൻസ് (Advance To Implimenting Agencies-Kseb)ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.ഡെപ്പോസിറ്റ് വർക്കിനായി പ്രോജക്ട് നമ്പർ 147/24 പ്രകാരം വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിപ്പിക്കൽ എന്ന പ്രോജക്ട് പ്രകാരം 32,78,000/-രൂപ ,KWAക്ക് അഡ്വാൻസായി നൽകിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്ക് പരിശോധിച്ചതിൽ ഇത് വാർഷിക കണക്കിൽ Advance To Implimenting Agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്താതെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് മുമ്പ്(41420008-Public Water Drinking Program-Pipe Line) എന്ന അസറ്റ് ഹെഡ്ഡിൽ ബുക്ക് ചെയ്തു.

## 1-1-6 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ,ടോട്ടൽ സാനിറ്റേഷൻ ക്യാമ്പയിൻ എന്നീ ഇനത്തിൽ അവശേഷിക്കുന്ന തുക ബാങ്ക് അക്കൗണ്ട് തുകയുമായി പൊരുത്തപ്പെടുന്നില്ല.

AFS B-4 ( Contribution For Specific Purposes) പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന തുകകൾ B-17 ( Cash And Bank Balance ) ൽ കാണിച്ച ഇതേ ആവശ്യത്തിനുള്ള ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ഇനം | B-4 പ്രകാരം | B-17 പ്രകാരം |
|---|---|---|---|
| 1 | TSC | 1,82,175 | 6,38,495 |
| 2 | CFC(Tied+Untied) | 4320617+6129157=1,04,49,774 | 1,06,65,894 |

## 1-1-7 വാർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല.

2023-24 വാർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തിയതായി കാണുന്നില്ല.വാർഷിക ധനകാര്യപത്രികയിൽ B-14 Stock In Hand (Inventories)എന്ന ഷെഡ്യൂളിൽ തുക'0'ആയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-1-8 ഗ്രാന്റ് ഇന ചെലവ് വാർഷിക കണക്ക്, എ സി ആർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

| ഗ്രാന്റ് ഇനം | ACR പ്രകാരം | AFS പ്രകാരം(I6+B3) | വ്യത്യാസം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 2,37,43,299 | 2,25,51,296 | 11,92,603 |
| വികസനഫണ്ട് (എസ്.സി.പി.) | 73,41,931 | 90,32,000 | 16,90,069 |
| അൺ ടൈഡ്(CFC) | 38,61,518 | 38,79,988 | 18,470 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 92,25,760 | 7,759,358 | 14,66,402 |

## 1-1-9 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് അക്രൂ ആകുന്ന സമയങ്ങളിലും (പ്രതിമാസം, അർദ്ധവർഷം) ഡിമാന്റ് എൻട്രി നടത്താതെ 31.03.2024 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്. (110100101 Property Tax On Residential Buildings, 110100102 Property Tax On Non Residential Buildings )

## 1-1-10 കാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ' Net Increase/Decrease In Cash And Cash Equivalance ' ആയി രേഖപ്പെടുത്തിയ തുകയും (6,91,34,853) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ' (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (1,49,66,614) തുല്യമല്ല.

## 1-1-11 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നും പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നും ബാലൻഷീറ്റ് B-9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. (2024 മാർച്ചിലെ ജന പ്രതിനിധികളുടെ ഹോണറേറിയം, ഇന്ധനചെലവ്)

## 1-2 ബജറ്റ്

| ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./ തിയ്യതി |
|---|---|
| 1/1 തീയതി. 18-03-2023 | 2/1 തീയതി. 13-02-2024 |

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 4,23,58,233 |
| വരവ് | 24,51,35,943 |
| ആകെ | 28,74,94,176 |
| ചെലവ് | 17,60,01,090 |
| നീക്കിയിരിപ്പ് | 11,14,93,086 |

കുറിപ്പ്:- (ആകെ വരവ് RP+ACR ചെലവ് +B Fund+EFMS വരവ്)-RP 30(TIED+UNTIED) എന്നിവ ചേർന്നതാണ്.

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 2,52,87,003 | 2,52,87,003 | 2,37,43,299 | 15,43,704 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 73,41,931 | 73,41,931 | 73,41,931 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 11,148,650 | 11,148,650 | 92,25,760 | 19,22,890 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 47,76,000 | 47,76,000 | 28,14,973 | 19,61,027 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Un Tied | 0 | 45,39,000 | 45,39,000 | 38,61,518 | 6,77,482 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied | 0 | 34,04,500 | 34,04,500 | 63,95,915 | -29,91,415 |
| ബി ഫണ്ട് | 0 | 49,695,000 | 49,695,000 | 49,695,000 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2023-24 | 281 | 221998801 | 136 | 95346288 | 0 | 145 | 48.39 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഇല്ല.

## 1-6 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2588 | 17,14,107 | 17,16,695 | 17,16,695 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,60,36,900 | 1,60,36,900 | 1,60,36,900 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1,535,200 | 984 |
| വിധവാപെൻഷൻ | 1,51,57,600 | 10892 |
| വാർദ്ധക്യകാലപെൻഷൻ | 2,73,58,100 | 19047 |
| വികലാംഗപെൻഷൻ | 52,80,700 | 3380 |

| | | |
|---|---|---|
| വിവാഹ ധനസഹായം | 60,000 | 2 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 303,400 | 194 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.06.2024 ന് 12.25 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ **24,931/-** രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1.സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ., 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

2.ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്‌ക്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

3.മരാമത്ത് പ്രവൃത്തികളിൽ വിഭാവനം ചെയ്ത പ്രവൃത്തികൾ നിർദിഷ്ട കാലയളവുകൾക്കുള്ളിൽ പൂർത്തിയാക്കാത്തതിനാൽ ആസ്തികൾ ഉപയോഗിക്കാൻ കഴിയുന്നില്ല (പ്രത്യേക ഖണ്ഡിക കാണുക-2-21).

4. രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല.

5.സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി സബ്സിഡി തുക അധികമായി അനുവദിച്ചിട്ടുണ്ട്. (ഖണ്ഡിക 3-1 കാണുക)

6. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഫിറ്റ്നസ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൻമേൽ നടപടി സ്വീകരിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| എ.ജി ഓഡിറ്റ് | 17.08.2017 മുതൽ 29.08.2017 വരെ | 2012-13 മുതൽ 2016-17 വരെ | 10.10.2017 |
| പെർഫോമൻസ് ഓഡിറ്റ് | 12.12.2022 | 11/2022 | 12.12.22 |

## 1-11 "മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ "- അവലോകനം

ബഹു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07-06-2024 തീയതിയിലെ നമ്പർ. ഡി.കെ.എസ്.എ. 471/സി.എ.ആർ. 3/24 കത്തിൽ നിർദ്ദേശിച്ചതിൽ പ്രകാരം ഓഡിറ്റിന്റെ ഭാഗമായി "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ " എന്ന വിഷയം സംബന്ധിച്ച് നടത്തിയ പരിശോധന പ്രകാരം കണ്ണമഗലം ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേനയുമായും മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട് പരിശോധിച്ച് തയ്യാറാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)<u>അടിസ്ഥാന വിവരങ്ങൾ</u>

| | |
|---|---|
| പഞ്ചായത്തിലെ ആകെ ജനസംഖ്യ | 51398 |

| | |
|---|---|
| ആകെ വാർഡുകളുടെ എണ്ണം | 20 |
| ഓരോ വാർഡിലെയും ആൾ താമസമുള്ള വീടുകളുടെ എണ്ണം | 10925 |
| ഓരോ വാർഡിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 601 |
| വാർഡിലെ ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം | 26 |

ഗ്രാമ പഞ്ചായത്തിലെ ഓരോ വീട്/കടയിൽ നിന്നും മാസത്തിൽ ഒരു തവണ എന്ന രീതിയിൽ മാലിന്യ ശേഖരണ കലണ്ടർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും മാസത്തിൽ ഒരു തവണയെങ്കിലും മാലിന്യം ശേഖരിക്കുന്നതിനായി വാർഡുകളിലേക്ക് എത്താൻ കഴിയാത്ത അവസ്ഥയാണ്. വലിയ ഗ്രാമപഞ്ചായത്തായതിനാലും കർമ്മസേന അംഗങ്ങളുടെ എണ്ണം കറവായതിനാലുമാണ് ഇപ്രകാരമൊരു അവസ്ഥ നിലനിൽക്കുന്നത്. മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ തലത്തിലും വാർഡ് തലത്തിലുമായി ബോധവത്കരണ ക്ലാസുകളും നടത്തിയിട്ടുണ്ട്. 10,000 നോട്ടീസുകൾ ഇതുസംബന്ധിച്ച് അച്ചടിച്ച് വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാനും അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേനക്ക് കൈമാറുന്നതിനുമായി ഗ്രാമ സഭകളിലും കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴിയും വാർഡുകളിലെ ക്ലസ്റ്ററുകൾ മുഖേനയും വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നിരുന്നാലും പഞ്ചായത്തിലെ എല്ലാ ഭവനങ്ങളേയും സ്ഥാപനങ്ങളെയും ഹരിത കർമ്മസേനക്കു കീഴിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ല. ഓരോ വാർഡിലും ഹരിത കർമ്മസേനക്ക് കീഴിൽ കൊണ്ടുവന്ന വീടുകൾ/സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | ഹരിത കർമ്മസേനക്ക് കീഴിൽ വന്ന ഭവനങ്ങൾ/ ആകെ ഭവനങ്ങൾ | ഹരിത കർമ്മസേനക്ക് കീഴിൽ വന്ന സ്ഥാപനങ്ങൾ/ ആകെ സ്ഥാപനങ്ങൾ |
|---|---|---|
| 1 | 440/780 | 15/38 |
| 2 | 340/718 | 7/26 |
| 3 | 320/710 | 21/47 |
| 4 | 300/520 | 10/19 |
| 5 | 440/685 | 26/31 |
| 6 | 360/643 | 5/15 |
| 7 | 243/358 | 15/22 |
| 8 | 350/446 | 11/15 |
| 9 | 296/511 | 34/54 |
| 10 | 330/440 | 9/13 |
| 11 | 326/519 | 13/20 |
| 12 | 371/517 | 9/23 |
| 13 | 310/464 | 30/36 |
| 14 | 330/494 | 15/34 |
| 15 | 290/539 | 15/21 |
| 16 | 320/522 | 22/49 |
| 17 | 321/458 | 10/16 |
| 18 | 360/501 | 14/20 |
| 19 | 313/523 | 20/26 |
| 20 | 278/513 | 31/76 |

2)മാലിന്യശേഖരണ കാര്യക്ഷമത-

നിലവിൽ വാർഡ് 14 തോന്നിപ്പുറായ എന്ന സ്ഥലത്ത് വാടകയ്ക്ക് എടുത്തിട്ടുള്ള കെട്ടിടത്തിലാണ് MCF പ്രവർത്തിക്കുന്നത്. ഹരിതകർമ്മസേനാംഗങ്ങൾ 16 പേർ മാത്രമാണുള്ളത്. മാലിന്യം നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിന് സ്വന്തമായി വാഹനമില്ല. പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി വാടകക്ക് വാഹനമെടുത്താണ് പ്രവർത്തനം നടത്തുന്നത്. സ്വന്തമായി വാഹനമില്ലാത്തത് ഹരിതകർമ്മസേനയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിനുതകുന്ന പ്രത്യേക നിയമാവലിയും നിലവില്ല- ബൈലോ രൂപീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3)മാലിന്യ വേർതിരിവ് പാലിക്കൽ

ഉറവിടത്തിൽ തന്നെ സെഗ്രിഗേഷൻ നടത്തി ഇനം തിരിച്ച് മാലിന്യം ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിനു വേണ്ടി പൊതുജനങ്ങൾക്ക് നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നല്കിയിട്ടുണ്ടെങ്കിലും പൂർണ്ണമായി പാലിക്കുവാൻ ജനങ്ങൾ തയ്യാറാകാത്ത സ്ഥിതിയുണ്ട്. MCF ൽ എത്തുന്ന മാലിന്യം വേർതിരിച്ചു പരിപാലിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഉറവിടത്തിൽ തന്നെ വേർതിരിച്ചു ലഭിക്കുന്നത് 70 ശതമാനത്തിനു മുകളിലാണ്. റിജകട്ട് വേസ്റ്റ് നീക്കം ചെയ്യുന്നത് ക്ലീൻ കേരള കമ്പനിയാണ്. സമയബന്ധിതമായി നീക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നു.

4)റീസൈക്ലിംഗ്

വഴിയോരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബിന്നുകൾ, ബോട്ടിൽ ബൂത്തുകൾ, ജലസ്രോതസ്സുകൾ മുതലായ സ്ഥലങ്ങളിൽ നിന്നും ലഭിക്കുന്ന മാലിന്യം MCFൽ എത്തിച്ച് സെഗ്രിഗേറ്റ് ചെയ്ത് പ്രോസസ് ചെയ്യുന്ന രീതി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. നിലവിൽ അഞ്ചാം വാർഡിൽ ഒരു മിനി എം സി എഫ് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ആയത് മാലിന്യ സംസ്ക്കരണത്തിന് ഉപയോഗപ്പെടുത്തിയിട്ടില്ല. റീസൈക്ലിംഗ് പ്രോസസ് നടപ്പാക്കുന്നില്ല.

5)കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

പഞ്ചായത്തിലെ മാലിന്യശേഖരണ പരിപാലന പ്രവർത്തനങ്ങളിൽ ഹരിതകർമ്മസേനയോടൊപ്പം, കുടുംബശ്രീ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, എന്നിവരെ കൂട്ടി യോജിപ്പിച്ചുകൊണ്ട് സമഗ്രമായ രീതിയിൽ മാലിന്യശേഖരണവും സംസ്കരണവും നടത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. കുടുംബശ്രീ എ ഡി എസ് അംഗങ്ങൾ, ആശവർക്കർമാർ വാർഡു മെമ്പർമാർ എന്നിവരുമായി ബന്ധപ്പെട്ടാണ് മാലിന്യസംസ്ക്കരണ പരിപാലന പ്രവർത്തനങ്ങൾ നിലവിൽ നടന്നു വരുന്നത് . ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കേന്ദ്രത്തിൽ ക്ലാസ്സുകളുംനടത്തിയിട്ടുണ്ട്.

6)തൊഴിൽ സൃഷ്ടിക്കൽ

ഹരിതകർമ്മസേനാംഗങ്ങൾക്കും വാഹന ഡ്രൈവർക്കും പ്രത്യക്ഷമായി റിജക്ടഡ് വേസ്റ്റ് പരിപാലിക്കുന്ന ഏജൻസിയിലെ ജീവനക്കാർക്ക് പരോക്ഷമായും തൊഴിൽ നല്കുന്നതിന് സാധിക്കുന്നു. നിലവിൽ ഒരു കെയർ ടേക്കറെയും നിയമിച്ചിട്ടുണ്ട്.

7)അടിസ്ഥാന സൗകര്യ വികസനം

വാടകയ്ക്ക് എടുത്തിട്ടുള്ള സ്ഥലത്തെ ഷെഡ്ഡിലാണ് MCF പ്രവർത്തിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മാലിന്യശേഖരണത്തിനും സംസ്കരണത്തിനും വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. നിലവുള്ള സ്ഥലം തികയാത്ത അവസ്ഥയുണ്ട്. ടാർ പോളിൻ ഷീറ്റ് വലിച്ചു കെട്ടിയാണ് പ്രശ്നം താൽക്കാലികമായി പരിഹരിച്ചിട്ടുള്ളത്. മഴക്കാലത്ത് ഇത് വളരെയധികം പ്രയാസം സൃഷ്ടിക്കുന്നുണ്ട്. നിലവിലുള്ള സ്ഥലത്ത് സേനാ അംഗങ്ങൾക്ക് മതിയായ കുടിവെള്ള സൗകര്യത്തിന്റെ അപര്യപ്തതയുമുണ്ട്. നിലവിൽ 4-ാം വാർഡിൽ മഞ്ഞേങ്ങര എന്ന സ്ഥലത്ത് എം സി എഫിന് കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതും പൂർത്തിയാകാതെ നീണ്ടുപോകുകയാണ്. ബെയ്ലിംഗ് മെഷീൻ, സെഗ്രിഗേഷൻ ടേബിൾ, തുടങ്ങിയ അനുബന്ധ സൗകര്യങ്ങളും നിലവിലില്ല. ആയതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്നതും വ്യക്തമല്ല.

8)പാരിസ്ഥിതിക ആഘാതം

പഞ്ചായത്ത് പ്രദേശത്തെ എല്ലാ വാർഡുകളിൽ നിന്നും മാലിന്യം ശേഖരിച്ച് MCFൽ എത്തിക്കുകയും അവിടെ വച്ച് സെഗ്രിഗേറ്റ് ചെയ്യുകയും ചെയ്തു വരുന്നു. എന്നാൽ ക്ലീൻ കേരള കമ്പനി ഫെബ്രുവരി മാസം മുതൽ സമയബന്ധിതമായും കൃത്യനിഷ്ഠയോടും കൂടി റിജക്ടഡ് വേസ്റ്റ് കൊണ്ടുപോകാതിരിക്കുന്നത് സ്ഥലപരിമിതിയുടെ പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. അപേക്ഷകൾക്കും മേലധികാരികളുടെ നിർദ്ദേശങ്ങൾക്കും ശേഷം ടി കമ്പനി മാലിന്യം കൊണ്ടുപോയിത്തുടങ്ങിയിട്ടുണ്ട്. മാലിന്യം മൂലം പാരിസ്ഥിതിക പ്രശ്നങ്ങളിൽ ലഭിക്കുന്ന പരാതികൾ ലഭിച്ചതായി വിവരമില്ല.

9)പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്കും ജനപ്രതിനിധികൾക്കും പഞ്ചായത്ത് നേരിട്ടും ശുചിത്വമിഷനും ഹരിതസഹായ സ്ഥാപനമായ സോഷ്യോ ഇക്കണോമിക് യൂണിറ്റും പരിശീലനങ്ങൾ നല്കിവരുന്നുണ്ട്. ഹരിതമിത്രം ആപ്പ് ഇൻസ്റ്റാൾ ചെയ്യുന്നതുമായി ബന്ധപ്പെട്ട പരിശീലനം കെൽട്രോണും നല്കിയിട്ടുണ്ട്. ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കിയെങ്കിലും പ്രവർത്തിപഥത്തിൽ വന്നിട്ടില്ല.

10)നിയമങ്ങൾപാലിക്കൽ

മാലിന്യനിർമ്മാർജ്ജനം, ശുചീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ജനങ്ങളെ ബോധവല്ക്കരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതായി വിവരമില്ല. കുടുംബശ്രീ എ ഡി എസ് അംഗങ്ങൾ, ആശാവർക്കർമാർ വാർഡുമെമ്പർമാർ എന്നിവരുമായി ബന്ധപ്പെട്ടാണ് മാലിന്യസംസ്ക്കരണ പരിപാലന പ്രവർത്തനങ്ങൾ നിവവിൽ നടന്നു വരുന്നത്. നിയമലംഘനം കണ്ടെത്തുന്നതിന് പരിശോധനകളും പിഴ ഉൾപടെയുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. മാലിന്യം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ ലഭ്യമായിട്ടില്ല. എം സി എഫ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ടാണ് പൊതുജനപരാതി ഉയർന്നു കേട്ടിട്ടുള്ളത്.

11)ഹരിതകർമ്മ സേനാംഗങ്ങളുടെപ്രവർത്തനം

ഗ്രാമപഞ്ചായത്തിൽ 20 വാർഡുകളിലേയ്ക്ക് 26 ഹരിതകർമ്മ സേനാംഗങ്ങളാണ് ആവശ്യമുള്ളത്. നിലവിൽ 16 പേർ മാത്രമാണുള്ളത്. ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം കൂട്ടുന്നതിന് കുടുംബശ്രീ വഴിയും പഞ്ചായത്ത് തലത്തിലും സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. അംഗബലം കുറവായതുമൂലം പ്രതിമാസം എല്ലാ വാർഡുകളിലും എത്താൻ കഴിയാത്ത അവസ്ഥയുണ്ട്.

തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായി ബൂട്ട് , ഗ്ലൗസ് , ഫസ്റ്റ് എയ്ഡ് ബോക്സ് എന്നിവ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. യൂനിഫോറവും നൽകിയിട്ടുണ്ട്.

**മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി(MCF) റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)**

1)അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1)MCF/RRF സ്ഥിരം/ താത്കാലികം | MCF താത്കാലികം |
| 2)ബെയ്ലിംഗ്/ഷ്രെഡിംഗ് യൂണിറ്റുകൾ ഉണ്ടോ<br>ഉണ്ടെങ്കിൽ അവ സ്ഥിതി ചെയ്യുന്ന സ്ഥല വിവരം | ഷ്രെഡിംഗ്& ബെയ്ലിംഗ് യൂണിറ്റ് നാളിതുവരെയും സ്ഥാപിച്ചിട്ടില്ല. |
| 3)അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം | ഇല്ല |
| 4)അവ പ്രയോജനപ്പെടുത്തുന്നുണ്ടോ | ഇല്ല |
| 5)അവയ്ക്ക് അടിസ്ഥാന സൌകര്യങ്ങൾ ഉണ്ടോ (ട്രാപ്പിങ് ഏരിയ, സ്റ്റോറേജ് എരിയ, സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ, ശുചിമുറി എന്നിവ) | അഞ്ചാം വർഡിൽ ഒരു മിനി MCFഉണ്ട് എന്നാൽ ആയത് ഉപയോഗപ്പെടുത്തിയിട്ടില്ല. |
| 6)അവയിലേയ്ക്ക് റോഡ് ഗതാഗത സൗകര്യം ഉണ്ടോ | ഉണ്ട് |
| 7)അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നില നിൽക്കുന്നുണ്ടോ | ഇ്ലല്ല |

2) മാലിന്യ കൈമാറ്റ കാര്യക്ഷമത

മാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കൈമാറുന്നതിലുള്ള വിമുഖത മാറിവരുന്നു. ഇനിയും വളരെയെറെ മുന്നേറാനുണ്ട്.ഇക്കാര്യത്തിൽ കൂടുതൽ ബോധവൽക്കരണ നടപടികൾ ആവശ്യമാണ്.

3)മാലിന്യ സംഭരണ ശേഷി

| | |
|---|---|
| 1)ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ്<br>ജൈവം/അജൈവം | 900 കിലോ (അജൈവം) |
| 2) ആകെ വിസ്തൃതി | MCF<br>360 Sq.Ft |
| 1)ടാപ്പിംഗ് ഏരിയ | 360 Sq.Ft |
| 2)സ്റ്റോറേജ് ഏരിയ | |
| 3)സോർട്ടിംഗ് ഏരിയ | |
| 4)മെഷിനറി ഏരിയ | |
| 5)കളക്ഷൻ ഏരിയ | |

4)മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

വാർഡുകളിൽ നിന്നും മാസം തോറും ഹരിതകർമ്മ സേനാംഗങ്ങൾ അജൈവമാലിന്യം ശേഖരിക്കുന്നു. അവ വാഹനത്തിൽ MCFൽ എത്തിച്ചശേഷം സെഗ്രിഗേറ്റ് ചെയ്ത് മൂല്യമുള്ള സാധനങ്ങൾ വില്ക്കുകയും റിജക്റ്റഡ് വേസ്റ്റ് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്യുന്നു.

5)ശുചിത്വമാനദണ്ഡങ്ങൾ

ഓരോരുത്തരുടെയും മാലിന്യം അവരവരുടെ ഉത്തരവാദിത്വമാണ് എന്ന തത്വത്തിലൂന്നി

സമ്പൂർണ്ണശുചിത്വ കണ്ണമംഗലം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള പരിപാടികളും പ്രവർത്തനങ്ങളും ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു.

6)<u>യഥാസമയം മാലിന്യം ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതു സംബന്ധിച്ച്</u>

റിജക്റ്റഡ് വേസ്റ്റ് MCFൽ നിന്നും കൊണ്ടു പോകുന്നതിന് കരാർ എടുത്തിട്ടുള്ളത് ക്ലീൻ കേരളാ കമ്പനിയാണ്. കമ്പനിക്ക് മാലിന്യം യഥാസമയം കൈമാറുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കുന്നുണ്ടെങ്കിലും ആയത് കമ്പനി സമയബന്ധിതമായി നീക്കം ചെയ്യാത്തതു മൂലം MCFപ്രവർത്തനം പലപ്പോഴും തടസ്സപ്പെടുന്ന സ്ഥിതിയാണ് നിലവിലുള്ളത്.

<u>മറ്റു വിവരങ്ങൾ</u>

2023-24 വർഷത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ചുവടെ ചേർക്കും പ്രകാരം തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

| ക്രമനം. | പ്രോജക്റ്റ് | ഫണ്ടിനം | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | നം. 44/24<br>എം സി എഫിൽ നിന്നും റിജക്റ്റഡ് വേസ്റ്റ് കൊണ്ടു പോകുന്നതിനുള്ള തുക നൽകൽ പദ്ധതി | സി എഫ് സി | 2,59,980 | 242550 | ക്ലീൻ കേരളാ കമ്പനി മുഖേന |
| 2 | നം. 64/24<br>ഹരിതകർമ്മ സേനാ പ്രവർത്തനങ്ങൾ | സി എഫ് സി | 50,000 | 33050 | |
| 3 | നം. 159/24<br>ഹരിതകർമ്മ സേനക്ക് മാസ്ക്ക്,യൂനിഫോറം മുതലായവ വാങ്ങൽ | സി എഫ് സി | 24,780 | 24,750 | |
| 4 | നം. 159/24<br>എം സി എഫിലേക്ക് അജൈവമാലിന്യം എത്തിക്കൽ വാഹന വാടക നൽകൽ | സി എഫ് സി<br>തനത് ഫണ്ട് | 3,00,000 | 1,59,730 | |

**<u>ഓഡിറ്റ് നിർദേശങ്ങൾ</u>**

**1.** 2021-22 ൽ തുടങ്ങിയ MCF കെട്ടിട നിർമ്മാണം നിലവിൽ പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും. വൈദ്യുതി, വെള്ളം , മറ്റ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഹരിത കർമ്മ സേനയുടെ പ്രവർത്തനം സ്വന്തം കെട്ടിടത്തിലേക്ക് മാറ്റേണ്ടതാണ്.

**2.** ഹരിത കർമ്മ സേനക്ക് സ്വന്തമായി വാഹനമില്ലാത്തത് ഹരിതകർമ്മസേനയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. വാഹനം വാങ്ങാൻ സർക്കാർ നിർദ്ദേശ പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3. വഴിയോരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബിന്നുകൾ , ബോട്ടിൽ ബൂത്തുകൾ, ജലസ്രോതസ്സുകൾ മുതലായ സ്ഥലങ്ങളിൽ നിന്നും ലഭിക്കുന്ന മാലിന്യം MCFൽ എത്തിച്ച് സെഗ്രിഗേറ്റ് ചെയ്ത് പ്രോസസ് ചെയ്യുന്ന രീതി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കേണ്ടതുണ്ട്. ഇതിനായി ആവശ്യത്തിന് ബോട്ടിൽ ബൂത്തുകൾ, ബിന്നുകൾ എന്നിവ വാർഡ് തലങ്ങളിൽ സ്ഥാപിക്കേണ്ടതാണ്.

4. സമയബന്ധിതമായി നീക്കം ചെയ്യാത്തതു മൂലം MCFപ്രവർത്തനം പലപ്പോഴും തടസ്സപ്പെടുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ആയത് പരിഹരിക്കുന്നതിന് വേണ്ടി റിജക്റ്റഡ് വേസ്റ്റ് MCFൽ നിന്നും കൊണ്ടു പോകുന്നതിന് കരാർ എടുത്തിട്ടുള്ള ക്ലീൻ കേരളാ കമ്പനിക്ക് കർശന നിർദേശം നൽകേണ്ടതാണ്.

5. പഞ്ചായത്തിലെ എല്ലാ ഭവനങ്ങളേയും സ്ഥാപനങ്ങളെയും ഹരിത കർമ്മസേനക്കു കീഴിൽ കൊണ്ടുവരേണ്ടതാണ്. മാലിന്യനിർമ്മാർജ്ജനം, ശുചീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ജനങ്ങളെ ബോധവല്ക്കരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതും നിയമലംഘനത്തിന് കർശനമായി പിഴ ഈടാക്കേണ്ടതുമാണ്. ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം കൂട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. ഹരിതമിത്രം സ്മാർട്ട്ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പ്രവർത്തിപഥത്തിൽ കൊണ്ടുവരേണ്ടതാണ്.
7. ബെയ്ലിംഗ് മെഷീൻ, സെഗ്രിഗേഷൻ ടേബിൾ, തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ MCF കെട്ടിടത്തിൽ സ്ഥാപിക്കേണ്ടതാണ്.

## 1-12 ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഒരുക്കാത്ത കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകി.

**1) ശ്രീ. കുഞ്ഞാലിക്കുട്ടി & ഷരീഫ** എന്നവർക്ക് കണ്ണമംഗലം വില്ലേജിൽ സർവ്വേ നം. S 143/1-22 R-143/1-22, സ്ഥലത്ത് ആകെ 433.29ച.മീ ബിൽഡ്അപ് ഏരിയയും 397.8 ച.മീ ഫ്ലോർ ഏരിയയുമുള്ള കോമേഴ്സ്യൽ കെട്ടിടവും, 75 ച.മീ-ൽ താഴെയുള്ള 4 താമസ യൂണിറ്റുകളായി 272.45 ച.മീ വിസ്തീർണ്ണത്തിലുള്ള 3 കെട്ടിടങ്ങളായി ആകെ 817.35 ച.മീ ബിൽഡ്അപ് ഏരിയയും 794.97 ച.മീ ഫ്ലോർ ഏരിയയുമുള്ള റസിഡൻഷ്യൽ കെട്ടിടവും നിർമ്മിക്കുന്നതിന് A5-BA(35426)/2024/30.01.2024 നമ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

**A)** KPBR 2019 ചട്ടം 29 പ്രകാരം കെട്ടിടത്തിന്റെ റസിഡൻഷ്യൽ എരിയക്ക് 4x3=12/3= 4 കാർ പാർക്കിംഗ്+ 1 സന്ദർശക കാർ പാർക്കിംഗ് സൗകര്യവും കൊമേഴ്സ്യൽ ഏരിയക്ക് 397.8/90=4.42 Say 5 പാർക്കിംഗ് സൗകര്യവും ഉൾപ്പടെ ആകെ 10 കാർ പാർക്കിംഗ് സൗകര്യം ഒരുക്കേണ്ടതുണ്ട്. എന്നാൽ ആകെ 9 കാർ പാർക്കിംഗ് സൗകര്യം മാത്രമാണ് പ്ലാൻ പ്രകാരം പ്ലോട്ടിൽ ഒരുക്കിയിരിക്കുന്നത്. ഒരു കാർ പാർക്കിംഗ് സൗകര്യം കുറവുണ്ട്.

**B)** KPBR 2019 ചട്ടം 29(4) പ്രകാരം തെരുവ് വിട്ടുള്ള ഓരോ പാർക്കിംഗ് സ്ഥലത്തിനും തെരുവിലേക്കുള്ള മതിയായ വാഹന പ്രവേശന മാർഗ്ഗമുണ്ടായിരിക്കേണ്ടതും പാർക്കിംഗ് സ്ഥലം കൂടാതെ ഡ്രൈവ് ഏരിയ നിരകൾക്ക് മദ്ധ്യേയുള്ള പാത , വാഹനങ്ങൾ തിരിക്കാനും മറ്റും മതിയായ സ്ഥലം ഉള്ളവയായിരിക്കേണ്ടതുമാണ്. ഒരു വാഹനം മാറ്റാതെ തന്നെ മറ്റ് വാഹനത്തിന് തിരിക്കാനും കടന്നു പോകാനുമുള്ള സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ പ്ലാൻ പ്രകാരം ഒരുക്കിയിട്ടുള്ള കാർ പാർക്കിംഗ് നം. 1 മാറ്റാതെ പാർക്കിംഗ് നം.4, ഡിസേബിൾഡ് പാർക്കിംഗ് എന്നിവയിലേക്ക് പ്രവേശനം സാധ്യമല്ല. മാത്രമല്ല, പാർക്കിംഗ് ഏരിയയിലേക്ക് ഏത് വഴിയാണ് വാഹനം പ്രവേശിക്കുക / പുറത്തിറങ്ങുക എന്നത് പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.

**2) പ്രസിഡണ്ട്, മദ്രസത്തുൽ ഇസ്ലാമിയ, കണ്ണേത്ത്** എന്നവർക്ക് കണ്ണമംഗലം വില്ലേജിൽ സർവ്വേ നം. S 442/5-1, സ്ഥലത്ത് ആകെ 899.83ച.മീ ബിൽഡ്അപ് ഏരിയയും 848.83 ച.മീ ഫ്ലോർ ഏരിയയുമുള്ള അസംബ്ലി കെട്ടിടം നിർമ്മിക്കുന്നതിന് A5-BA(159723)/2024/14.05.2024 നമ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

**A)** പ്ലാൻ പ്രകാരം നിലവിൽ പ്ലോട്ടിൽ ഒരു ആരാധനാലയ കെട്ടിടം, ഒരു മതപഠനശാല കെട്ടിടം, ഒരു വാണിജ്യ കെട്ടിടം എന്നിവ നിലവിലുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയവക്ക് യഥാക്രമം 5, 8, 1 എന്നിങ്ങനെ എണ്ണം കാർ പാർക്കിംഗ് സൗകര്യം എന്ന് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള മേൽ കെട്ടിടങ്ങളുടെ വിസ്തീർണ്ണമോ കെട്ടിട നമ്പറുകളോ പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.

KPBR 2019 പ്രകാരം ഫ്ലോർ ഏരിയ അടിസ്ഥാനത്തിലാണ് പാർക്കിംഗ് കണക്കാക്കേണ്ടത്. എന്നാൽ എ.സി ഹാളിന്റെ ബിൽഡ് അപ് ഏരിയ 25 കൊണ്ട് ഡിവൈഡ് ചെയ്ത് (279.77/25=11.19 Say 12) കൊണ്ടാണ് നിർമ്മിക്കാൻ പോകുന്ന ഓഡിറ്റോറിയത്തിന്റെ കാർ പാർക്കിംഗ് സൗകര്യം പ്ലാനിൽ കണക്കാക്കിയിരിക്കുന്നത്. അസംബ്ലി/എ.സി ഹാളിന്റെയോ ഡൈനിംഗ് ഹാളിന്റെയോ ബിൽഡ്അപ്/ ഫ്ലോർ എരിയ എത്രയാണ് എന്നത് പ്ലാനിൽ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.

ആയതിനാൽ തന്നെ മേൽ പാർക്കിംഗ് എണ്ണം ഉൾപ്പടെ പ്ലോട്ടിൽ ആകെ ആവശ്യമായ കാർ പാർക്കിംഗ് എണ്ണം രേഖപ്പെടുത്തിയത് കൃത്യമാണോ എന്നത് പരിശോധിക്കാനായിട്ടില്ല.

**B)** പ്ലാൻ പ്രകാരം, നിലവിലുള്ള കെട്ടിടങ്ങളുടെ 14 എണ്ണം കാർ പാർക്കിംഗ് സൗകര്യവും പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന അസംബ്ലി കെട്ടിടത്തിന് ആവശ്യമായ 12 കാർ പാർക്കിംഗ് സൗകര്യവും ഉൾപ്പെടെ 26 കാർ പാർക്കിംഗ് സൗകര്യം രേഖപ്പെടുത്തിയതിൽ നിലവിലുള്ള മതപഠനശാല കെട്ടിടത്തിന് സമീപം രേഖപ്പെടുത്തിയ 8 കാർ പാർക്കിങ്ങുകളിലേക്ക് KPBR 2019 ചട്ടം 29(4) പ്രകാരമുള്ള പ്രവേശന മാർഗ്ഗമോ വാഹനം സുഗമമായി തിരിക്കുന്നതിനും മറ്റുമുള്ള സൗകര്യമോ ഇല്ല. ഇവിടെ ഓരോ കാറുകളും മാറ്റാതെ മറ്റ് പാർക്കിംഗുകളിലേക്ക് പ്രവേശനം സാധ്യമല്ല.

ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഒരുക്കാത്ത കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(32/27-06-24) മറുപടി ലഭ്യമായിട്ടില്ല. ചട്ടലംഘനം നിലനിൽക്കുന്ന പ്ലാൻ പ്രകാരമുള്ള പെർമിറ്റ് റദ്ദ് ചെയ്തോ പുതുക്കിയ പ്ലാൻ ലഭ്യമാക്കിയോ ഉള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 വസ്തുനികുതി നിർണ്ണയം - അപാകത

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 2 പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതിയിൽ 20% വർദ്ധനവ് നൽകേണ്ടതാണ്. 2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ച ഫയലുകൾ പരിശോധിച്ചതിൽ മേൽചട്ടപ്രകാരമുള്ള നികുതി വർദ്ധനവ് വരുത്താത്തതിനാൽ നികുതിയിനത്തിൽ നഷ്ടം വന്നിട്ടുണ്ട്. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ/സർവ്വെ നമ്പർ | കെട്ടിടനമ്പർ വിസ്തീർണ്ണം | കുറിപ്പ് |
|---|---|---|
| ഹുസ്സൈൻ ചുക്കൻ അബൂബക്കർചുക്കൻ 219/1A-85 | 3/320A മുതൽ K വരെ 547.04 ച മീ(പാർപ്പിടം+വാണിജ്യം) 43.67ചമീ -വാണിജ്യം 503.37ചമീ-പാർപ്പിടം | പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് **5മീറ്റർ** വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്. |
| മുഹമ്മദ് കുട്ടി ,പരിശ്ശേരി 225/1-49 | 4/86A,B,C 56.95**ചമീ -വാണിജ്യം** | പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് **6മീറ്റർ** വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്. |
| അബ്ദു റസാഖ് 15/7-61 | 89.24**ചമീ** **1/352A** വ്യവസായം | പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് **6മീറ്റർ** വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്. |

അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/26.06.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14 ലൈസൻസ് -അപാകതകൾ

1996ലെ കേരള പഞ്ചായത്ത് രാജ് നിയമം (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ ചട്ടം 8 പ്രകാരം ചുവടെ ചേർത്ത സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ചില സ്ഥാപനങ്ങളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ കാലാവധി കഴിഞ്ഞിട്ടും നാളിതുവരെ പുതിയ ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചിട്ടില്ല/ഫയലിൽ ലഭ്യമല്ല.

ഗ്രാമപഞ്ചായത്ത് അനുവദിച്ച ലൈസൻസുകളിൽ മറ്റ് വകുപ്പുകളിൽ നിന്നും അനുവദിച്ചിട്ടുള്ള *ക്ലിയറൻസ് /നിരാക്ഷേപ പത്രങ്ങൾ യഥാസമയം പുതുക്കാത്ത പക്ഷം ഈ ലൈസൻസ് സ്വയം റദ്ദാവുന്നതാണ്* എന്ന് രേഖപ്പെടുത്തിയിട്ടുമുണ്ട്.

മേൽ പരാമർശിച്ച പ്രകാരം കാലാവധി കഴിഞ്ഞ ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ നിലവിലുള്ള ലൈസൻസുകൾ സംബന്ധിച്ച ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നം, ലൈസൻസിയുടെ പേര് | ലൈസൻസ് അനുവദിച്ചതിന്റെ പ്രവർത്തനം | വാർഡ്/ കെട്ടിട നമ്പർ/ സർവ്വേ നം | അനുവദിച്ച ലൈസൻസ് കാലാവധി | അപാകതകൾ |
|---|---|---|---|---|---|
| 1 | ബി2-1547/2023-10/2023-24 പ്രഭീഷ് | എം സാന്റ് ഉല്പാദനം | 2/446D | 01.04.2023 മുതൽ 31.03.2024 വരെ | *കേരള സ്റ്റേറ്റ് പൊലൂഷൻ കൺട്രോൾ ബോർഡ് സർട്ടിഫിക്കറ്റ് കാലാവധി 30-04-2023 ൽ അവസാനിച്ചു.* |
| 2 | ബി2-1513/2023-13/2023-24 | അലൂമിനിയം റോളിംഗ് മിൽ | 12/349 | 01.04.2023 മുതൽ 31.03.2024 വരെ | *കേരള സ്റ്റേറ്റ് പൊലൂഷൻ കൺട്രോൾ ബോർഡ് സർട്ടിഫിക്കറ്റ് കാലാവധി 30-06-2023 ൽ അവസാനിച്ചു.* |
| 3 | ബി2-2153/2023-25/2023-24 വി മൊയ്തീൻ | വി കെ എം കാറി | റി.സ103/2 ന□ർ | 01.04.2023 മുതൽ 31.03.2024 വരെ | *കേരള സ്റ്റേറ്റ് പൊലൂഷൻ കൺട്രോൾ ബോർഡ് സർട്ടിഫിക്കറ്റ് കാലാവധി 30-11-2023 ൽ അവസാനിച്ചു.* |
| 4 | ബി2-2154/2023-26/2023-24 വി മൊയ്തീൻ | വി കെ എം സ്റ്റോൺ ക്രഷർ | 4/389 | 01.04.2023 മുതൽ 31.03.2024 വരെ | *കേരള സ്റ്റേറ്റ് പൊലൂഷൻ കൺട്രോൾ ബോർഡ് സർട്ടിഫിക്കറ്റ് കാലാവധി 30-06-2023 ൽ അവസാനിച്ചു.* |
| 5 | ബി2-2058/2023-30/2023-24 അബ്ദുൽ അസീസ് സി കെ | കരിങ്കൽ ഖനനം | റി .സ നമ്പർ 21/2, 22, 23, 24/3 | 01.04.2023 മുതൽ 31.03.2024 വരെ | *കേരള സ്റ്റേറ്റ് പൊലൂഷൻ കൺട്രോൾ ബോർഡ്,മൈനിംഗ് &ജിയോളജി, SEIAA-Kerala, Dept. Of PESO , അഗ്നി സുരക്ഷ വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള ക്ലിയറൻസ് /നിരാക്ഷേപ പത്രങ്ങൾ ഹാജരാക്കിയിട്ടുണ്ട് എന്ന് അനുവദിച്ച ലൈസൻസിൽ രേഖപ്പെടുത്തിയിരിക്കുന്നത്എങ്കിലും ILGMS ലോ മാനുവലായോ രേഖകൾ ഹാജരാക്കിയിട്ടില്ല.ആയതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.* |
| 6 | ബി2-2346/2023-31/2023-24 അബ്ദുൽ ഖാദർ കെ | കരിങ്കൽ ഖനനം | റി.സ105/ 111 | 01.04.2023 മുതൽ 31.03.2024 വരെ | *സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ (SEIAA)15-09-22 ന് അവസാനിക്കുന്ന നിരാക്ഷേപ പത്രമാണ് ഹാജരാക്കിയിട്ടുള്ളത്.എന്നാൽ 7-1-2030നാണ് കാലാവധി അവസാനിക്കുന്നത് എന്നാണ് അനുവദിച്ച ലൈസൻസിൽ രേഖപ്പെടുത്തിയിരിക്കുന്നത്.* *കേരള സ്റ്റേറ്റ് പൊലൂഷൻ കൺട്രോൾ ബോർഡിന്റെ കാലാവധി 15-09-2023 ൽ അവസാനിച്ചു.* |

കാലാവധിയുള്ള ക്ലിയറൻസ്/നിരാക്ഷേപ സർട്ടിഫിക്കറ്റുകളില്ലാതെ അസാധുവായ ലൈസൻസുകൾ പ്രകാരമാണ് ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.21/26-06-24ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ലൈസൻസ് അനുവദിക്കുമ്പോൾ സർട്ടിഫിക്കറ്റ് കാലാവധി യഥാസമയം നിരീക്ഷിക്കേണ്ടതും കാലാവധിയുള്ള സർട്ടിഫിക്കറ്റുകൾ ഇല്ലാത്ത മുറക്ക് നിയമ പ്രകാരം നോട്ടീസ് നൽകി സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തി വെപ്പിക്കുന്നതിനോ നിയമപ്രകാരം പ്രവർത്തിപ്പിക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 വാർത്താ വിനിമയ ഗോപുരങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, നികുതി നിർണ്ണയം-വിവരം ലഭ്യമല്ല.

2023-24 ലെ വിവിധ കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, വസ്തു നികുതി അടവ് വിവരങ്ങൾ പരിശോധിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിൽ പെർമിറ്റിന് അപേക്ഷിച്ച വിവിധ വാർത്താ വിനിമയ ഗോപുരങ്ങളുടെ എണ്ണവും നിലവിൽ ഗ്രാമപഞ്ചായത്ത് നമ്പർ അനുവദിച്ച് നികുതി അടവാക്കി കൊണ്ട് പ്രവർത്തിക്കുന്ന വാർത്താ വിനിമയ ഗോപുരങ്ങളുടെയും വിവരങ്ങൾ പരിശോധിച്ചു.

ലഭ്യമാക്കിയ പെർമിറ്റ് രജിസ്റ്ററുകൾ പ്രകാരം ചുവടെ ചേർത്ത വാർത്താ വിനിമയ ഗോപുരങ്ങളുടെ പെർമിറ്റ് അപേക്ഷകളിന്മേൽ പെർമിറ്റ് അനുവദിച്ചതും അപാകത കത്ത് നൽകിയതും ഉണ്ട്. ആയവയിന്മേൽ പിന്നീട് തുടർ നടപടികൾ സ്വീകരിക്കുകയോ നമ്പർ അനുവദിച്ചതായോ കാണുന്നില്ല. ടി മൊബൈൽ ടവറുകൾ സംബന്ധിച്ച നിജസ്ഥിതി വിവരം പരിശോധിക്കുന്നതിന് ഫയലുകൾ ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്ത് അനുമതിയോ കെട്ടിട നമ്പറോ ലഭ്യമാകാതെ ഇവ പ്രവർത്തിച്ച് വരുന്നുണ്ടോ എന്നത് പരിശോധിക്കേണ്ടതുണ്ട്. പെർമിറ്റ് അപേക്ഷകൾ സംബന്ധിച്ച രജിസ്റ്റർ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷ വിവരം | പെർമിറ്റ് നം, അപേക്ഷകന്റെ/ കമ്പനി പേര് | നിലവിലെ അവസ്ഥ, അപാകത |
|---|---|---|---|
| 1 | 7503/18/03.12.18 | A5-7503/18/27.12.18<br>സ. നം. -192.<br>ഇൻഡസ് ടവർ | പെർമിറ്റ് കാലാവധി അവസാനിച്ചിട്ടും നാളിതുവരെ കംപ്ലീഷൻ അറിയിക്കുകയോ നമ്പർ അനുവദിക്കുകയോ ചെയ്തതായി കാണുന്നില്ല.<br>പെർമിറ്റ് അനുവദിച്ച് വർഷങ്ങളായിട്ടും ടി ടവർ നിർമ്മാണം പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/ നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ നിർമ്മാണം നടക്കുകയാണോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. |
| 2 | 1260/28.12.22 | പെർമിറ്റ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.<br>സ. നം. -276/2-39.<br>സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ . | അപേക്ഷ നിരസിച്ചതായോ മറ്റോ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ കംപ്ലീഷൻ അറിയിക്കുകയോ നമ്പർ അനുവദിക്കുകയോ ചെയ്തതായി കാണുന്നില്ല.<br>ടി ടവർ നിർമ്മാണം പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ നിർമ്മാണം നടക്കുകയാണോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. |
| 3 | 1261/28.12.22 | A5-BA(106583)22/23.03.22<br>സ. നം. -150/1-9.<br>സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ . | പെർമിറ്റ് കാലാവധി അവസാനിച്ചിട്ടും നാളിതുവരെ കംപ്ലീഷൻ അറിയിക്കുകയോ നമ്പർ അനുവദിക്കുകയോ ചെയ്തതായി കാണുന്നില്ല.<br>പെർമിറ്റ് അനുവദിച്ച് വർഷങ്ങളായിട്ടും ടി ടവർ നിർമ്മാണം പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/ നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ നിർമ്മാണം നടക്കുകയാണോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. |

മേൽ ടവറുകളുടെ നിർമ്മാണം/പ്രവർത്തനം സംബന്ധിച്ച നിജസ്ഥിതി പരിശോധിക്കുന്നതിനായി ടി ടവറുകളുടെ പെർമിറ്റ്/നമ്പറിംഗ് സംബന്ധിച്ച ഫയൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അപാകതകൾ പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/27-06-2024) മറുപടി ലഭ്യമാക്കിയില്ല. മേൽ അപേക്ഷകൾ പ്രകാരമുള്ള സ്ഥലങ്ങൾ പരിശോധിച്ച് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-16 കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു- വരുമാന നഷ്ടം

2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(A), RP-40(B) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇ പെയ്മെന്റിനു വേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട്

നമ്പർ-67387647085) 01.04.23 ന് 1,02,31,981/- രൂപ മുൻബാക്കിയും 31.3.2024 ന് 1,38,57,778/- രൂപ നീക്കിയിരിപ്പും ഉണ്ട്. പാസ് ബുക്ക് ബാലൻസ് യഥാക്രമം 1,55,48,807/- രൂപ ,1,36,59,610/- രൂപ.

പലിശ ഇല്ലാത്ത കറന്റ് അക്കൗണ്ടിൽ ഇത്തരത്തിൽ ഭീമമായ തുക നിലനിർത്തുന്നത് പലിശയിനത്തിൽ ലഭ്യമാക്കേണ്ടിയിരുന്ന വരുമാന നഷ്ടത്തിന് കാരണമായിട്ടുണ്ട്.

ധനമാനേജ്മെന്റിലെ വീഴ്ച കാരണം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട് . അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/21.06.24) നികുതി നികുതിയേതര വരവുകൾ തനത് ഫണ്ട് എസ് ബി അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## <u>1-17 ഫിറ്റ്നസ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു.</u>

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.16 ലെ 792455/ഇ.ഡബ്ല്യു 3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രി പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/ എയ്ഡഡ്/ നോൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും കൈവരിക്കേണ്ടതാണ് എന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ / സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ മേധാവി നടപടി സ്വീകരിച്ച് ഉറപ്പാക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എം ഇ എസ് സെൻട്രൽ സ്കൂൾ വട്ടപ്പൊന്ത, നാഷണൽ പബ്ലിക്ക് സ്കൂൾ, എന്നീ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ 2023-24 വർഷത്തേക്ക് ഫിറ്റ്നസ് നൽകിയ സ്കൂളുകളുടെ ഫയൽ പരിശോധിച്ചതിൽ ഈ സ്കൂളിന് ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ ലഭ്യമല്ല. പ്രസ്തുത സ്ഥാപനം ഗ്രാമപഞ്ചായത്തിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്. അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/26.06.24) മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതും ആയതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതുമാണ്.

## <u>1-18 സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ; വിശദാംശം ലഭ്യമാക്കിയില്ല.</u>

വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ വിവരം | വിനിയോഗിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | പ്രോജക്റ്റ് നം. 283/24<br>അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിലെ വാഹന വാടക | 2,04,000 (തനത് ഫണ്ട്)<br>വൗച്ചർ നം.22300660/20.11.23-35640 രൂപ<br>വൗച്ചർ നം.22300782/28.12.23-35640 രൂപ<br>വൗച്ചർ നം.22300924/02.02.24-35640രൂപ<br>വൗച്ചർ നം.22300975/29.02.24-35640രൂപ<br>വൗച്ചർ നം.22301068/15.03.24-35640 രൂപ<br>വൗച്ചർ നം.22301147/31.03.24-24000 രൂപ | അദ്നാൻ പുളിക്കൽ വെട്ടുതോടിന്റെ റീ ക്വട്ടേഷൻ സ്വീകരിച്ചു (KL 55E 8500 Model 2016 Toyta Ethios GD(M) പ്രതിമാസം 2000 KM ന് 3600 രൂപ നിരക്കിലും കൂടാതെ, മൂന്ന് മാസം 6000 കി .മീ. യിൽ അധികരിക്കുന്നെങ്കിൽ കി.മി.ക്ക 18 രൂപ നിരക്കിലും നൽകണം എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് ആയത് സംബന്ധിച്ച ചുവടെ ചേർത്ത വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>1) ആദ്യ ക്വട്ടേഷൻ വിളിച്ചതിന്റെ വിവരം<br>2)തുക നൽകിയതിന്റെ വിവരം<br>3) വാഹനം ഓടിയതിന്റ വിവരം (ലോഗ്ബുക്ക്/ ട്രിപ്പ്ഷീറ്റ്)<br>- ആകെ 2,02,200 രൂപ വിനിയോഗിച്ചതിന്റെ വിവരം (വൗച്ചർനം./ തീയതി) മാത്രമാണ് ലഭ്യമായത്. മറ്റു വിവരങ്ങൾ കൂടി ലഭ്യമാക്കേണ്ടതാണ്. |
| 2 | പ്രോജക്റ്റ് നം. 354/24<br>ഐ കെ എം മെമ്പർഷിപ്പ് ഫീസ് | 9,00,000 രൂപ<br>(പ്ലാൻ ജനറൽ ) | സ.ഉ (സാധാ)നം. 1952/2015/ തസ്വഭവ തീ. 27. 06.2015 പ്രകാരം ഐ കെ എം ന്റെ |

| | | | |
|---|---|---|---|
| | | ടി ആർ എൻ - 231520000000007744/31.03.2024 | 11.03.2024 ലെ നം. 905/എ 7/IKM /2014കത്ത് പ്രകാരം നൽകിയത്<br>-തുക കൈപ്പറ്റിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. |
| 3 | പ്രോജക്റ്റ് നം. 258/24<br>ഇലക്ട്രിക് വീൽ ചെയർ ജില്ലാപഞ്ചായത്തിന് വിഹിതം നൽകൽ | 2,50,000 (തനത് ഫണ്ട്)<br>വൗച്ചർ നം. 22301111/ 28.03.24 –2,50,000 രൂപ | ഇലക്ട്രിക് വീൽ ചെയർ നൽകുന്നതിന് ഗ്രാമപഞ്ചായത്ത് വിഹിതം മലപ്പുറം ജില്ലാപഞ്ചായത്തിന് നൽകുകയാണ് ചെയ്തിട്ടുള്ളത്. സംയുക്ത പദ്ധതിയായാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് ആയത് സംബന്ധിച്ച്<br>1)തുക ജില്ലാപഞ്ചായത്ത് കൈപ്പറ്റിയതിന്റെ വിവരം<br>2)തുക വിനിയോഗിച്ചതിന്റെ വിവരം<br>3)ഗ്രാമപഞ്ചായത്തിൽ ആയതിന്റെ പ്രയോജനം ലഭിച്ച ഗുണഭോക്താവിന്റെ വിവരം<br>എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. |
| 4 | പ്രോജക്റ്റ് നം. 293/24<br>ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം | 2,04,900 രൂപ<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>വൗച്ചർ നം. XVFC/2023-24/P/51/ 04.03.24 | പദ്ധതി പ്രകാരം ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന് കെൽട്രോണിന് ലാപ്ടോപ്പ്, എസ് എം എസ് ചാർജ് , ക്യൂ ആർ കോഡ് ചാർജ്, സർവ്വീസ് ചാർജ് എന്നിവക്കാണ് തുക നൽകിയത്<br>- സിസ്റ്റം പ്രവൃത്തിപഥത്തിൽ വന്നതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 5 | പ്രോജക്റ്റ് നം. 11/24<br>കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് -സാമൂഹ്യസുരക്ഷാമിഷന് തുക നൽകൽ പദ്ധതി | 1,00,000 രൂപ(പ്ലാൻ -ജനറൽ)<br>-ടി ആർ എൻ നം. 231520000000006950/13.03.24-50,000 രൂപ<br>-ടി ആർ എൻ നം. 231520000000006951/13.03.24-50,000 രൂപ | പ്രോജക്റ്റിന്റെ പേരിന് വിഭിന്നമായി തദ്ദേശ സ്വയംഭരണവകുപ്പ് (ഡി എ) വകുപ്പ് സെക്രട്ടറിയുടെ നം. ഡി എ 1/284/2023 തസ്വഭവ സർക്കുലർ പ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കേരളക്ക് തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. ഒരാൾക്ക് 50,000 രൂപ നിരക്കിൽ രണ്ടുപേർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.<br>- മേൽ സർക്കുലർ പ്രകാരം തുക വിനിയോഗിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. |
| 6 | പ്രോജക്റ്റ് നം. 317/24<br>പഞ്ചായത്ത് ഓഫീസ് ഐ എസ് ഒ സർട്ടിഫിക്കേഷൻ | 20,687 രൂപ<br>465 രൂപ (തനത് ഫണ്ട്) (വൗച്ചർ നം. / തീയതി ലഭ്യമായിട്ടില്ല)<br>20222 രൂപ (പ്ലാൻ ഫണ്ട്)<br>- ടി ആർ എൻ 231520000000005533/05.01.24 – 12,500 രൂപ<br>-ടി ആർ എൻ 231520000000006949/13.03.24 – 7,722 രൂപ | 12,500 രൂപ പദ്ധതിക്കായി വിനിയോഗിച്ചതിന്റെ വിവരം മാത്രമാണ് പരിശോധനക്ക് ലഭ്യമായത് . അവശേഷിച്ച 8187 രൂപയുടെ വിനിയോഗ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| 7 | പ്രോജക്റ്റ് നം. 10/24<br>വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ വാടക | 5,09, 597 രൂപ<br>- 1,09,597 രൂപ (തനത്ഫണ്ട്) (വൗച്ചർ നം. / തീയതി ലഭ്യമായിട്ടില്ല)<br>- 4,00,000 രൂപ(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)<br>ടി ആർ എൻ - 2315200000000003393/30.09.2023 | ജി എം യു പി എസ് കണ്ണമംഗലം ,ജി എം എൽ പി എസ് ചേറൂർ, മൃഗാശുപത്രി എന്നീ കെട്ടിടങ്ങളുടെ വാടക നൽകാനാണ് തുക വിനിയോഗിച്ചിട്ടുള്ളത്<br>- 7600 രൂപ വിനിയോഗിച്ചതിന്റെ (മൃഗാശുപത്രി കെട്ടിടം വാടകു വിവരം, വാടകു നിരക്ക് നിശ്ചയിച്ചതിന്റെ വിവരം മുൻ വർഷങ്ങളിൽ വാടക നൽകിയതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. |

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.19/23-24/26.06.24)മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരം ലഭ്യമാക്കുന്നത് വരെ പദ്ധതികൾക്കായി ചെലവഴിച്ച 16,74,687 (2,04,000 + 9,00,000 + 2,50,000 + 2,04,900 + 1,00,000 + 8187 + 7600) രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-19 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ലാത്തവർക്ക് ആനുകൂല്യം നൽകി

പ്രോജക്റ്റ് നം. 51/ 2024

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

വിനിയോഗിച്ച തുക – 2,65,215 രൂപ (പ്ലാൻ - ജനറൽ )

ബി ആർ എൻ 231520520046008983 68/06.12. 2023 – 89,303 രൂപ

ബി ആർ എൻ 23152052004600898379/06.12. 2023 – 61,678 രൂപ

ബി ആർ എൻ 23152052004600898388/06.12. 2023 – 27,675 രൂപ

ബി ആർ എൻ 23152052004601484039/24.03. 2024 – 86,559 രൂപ

നിർവ്വഹണം - ഡയറി എക്സ്റ്റെൻഷൻ ഓഫീസർ

പദ്ധതി പ്രകാരം ലിറ്ററിന് മൂന്നു രൂപ നിരക്കിൽ മേമാട്ടുപാറ ക്ഷീരസഹകരണ സംഘത്തിൽ പാലളന്നിട്ടുള്ള ക്ഷീരകർഷകർക്കും ഗ്രാമപഞ്ചായത്തിന്റെ 23.08.23 ലെ 2/8 നം. ഭരണസമിതി തീരുമാനപ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ക്ഷീരകർഷകർക്കും സബ്സിഡി നൽകുകയാണ് ചെയ്തിട്ടുള്ളത് .

എന്നാൽ പ്രസ്തുത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട് .

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | കദീജ കൊടുവപ്പറമ്പൻ | 9987 രൂപ | -ബി ആർ എൻ 23152052004601484039/24.03. 2024 പ്രകാരം 3396 രൂപ,<br>-ബി ആർ എൻ 23152052004600898388/06.12. 2023 പ്രകാരം 6591 രൂപ |
| 2 | പാത്തുമ്മു ചെമ്പൻ | 12,249 രൂപ | -ബി ആർ എൻ 23152052004601484039/24.03. 2024 പ്രകാരം 6192 രൂപ, |

| | | | |
|---|---|---|---|
| | | | -ബി ആർ എൻ 23152052004600898388/06.12.2023 പ്രകാരം 6057 രൂപ |
| 3 | സൈനബ പഴേരി | 3714 രൂപ | -ബി ആർ എൻ 23152052004601484039/24.03.2024 പ്രകാരം 1266രൂപ, -ബി ആർ എൻ 23152052004600898388/06.12.2023 പ്രകാരം 2448 രൂപ |
| | ആകെ | 25,950 | |

അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറക്കും (നം. 22/23-24/26.06.24 )മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും അനർഹമായി ആനുകൂല്യം നൽകിയപക്ഷം ആയത് മേൽ വീഴ്ചക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 വീട് വാസയോഗ്യമാക്കൽ പദ്ധതികൾ - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

വിശദവിവരം ചുവടെ ചേർക്കുന്നു.

1)പ്രോജക്റ്റ് നം. 36/24

വീട് വാസയോഗ്യമാക്കൽ പദ്ധതി (എസ് സി )

വിനിയോഗിച്ച തുക – 2,68,183 രൂപ (പ്ലാൻ - എസ് സി പി )

ബിൽ നം. 43/23-24/ 25.03.2024 – 2,68,183 രൂപ

നിർവ്വഹണം - ലേഡി വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ

പദ്ധതി പ്രകാരം അഡ്വാൻസ് തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കൽ പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമനം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക |
|---|---|---|
| 1 | സരോജിനി പനയ്ക്കൽ വീട് തോട്ടാശ്ശേരിയറ കണ്ണമംഗലം വെസ്റ്റ് (പി ഒ) | 38,183 |
| 2 | ജയമണി തേലപ്പുറത്ത്പടിക്കൽ പാണ്ടിക്കല്ല് ചേറൂർ (പി ഒ) | 40,000 |
| 3 | കിഴക്കേവീട്ടിൽ രാധ വെട്ടുതോട് ചേറൂർ (പി ഒ) | 30,000 |
| 4 | പുള്ളാട്ട്പടിക്കൽ നാടിച്ചി പൂച്ചോലമാട് കണ്ണമംഗലം | 30,000 |
| 5 | നെച്ചിക്കാട്ടുകുണ്ടിൽ പ്രദീപ്കുമാർ കുറ്റൂർ നോർത്ത് (പി ഒ) കണ്ണമംഗലം | 30,000 |

അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 20/23-24/26.06.24 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 1,68,183 രൂപ (38183 + 40000+30000+30000+30000) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

2)പ്രോജക്റ്റ് നം. 34/24

വീട് വാസയോഗ്യമാക്കൽ പദ്ധതി (ജനറൽ )

വിനിയോഗിച്ച തുക – 14,70,000രൂപ

5,30,000 രൂപ (പ്ലാൻ - ജനറൽ)

9,40,000 രൂപ (തനത് ഫണ്ട് )

ബിൽ നം. 34/23-24/ 27.01.2024 – 80,000 രൂപ

ബിൽ നം. 46/23-24/ 26.03.2024 – 1,70,000 രൂപ

ബിൽ നം. 35/23-24/ 01.02. 2024 – 80,000 രൂപ

ബിൽ നം. 47/23-24/ 27.03.2024 – 2,00,000 രൂപ

വൗച്ചർ നം. 22301109/27.03.24 – 6,30,000 രൂപ

വൗച്ചർ നം. 22301107/27.03.24 – 3,10,000 രൂപ

നിർവ്വഹണം - ലേഡി വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ

പദ്ധതി പ്രകാരം തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കൽ പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമനം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ചന്ദ്രൻ S/O അയ്യപ്പൻ ധരണിക്കാവിൽ ചേറൂർ( പി ഒ) | 40,000 |
| 2 | സൈതലവി കൊട്ടാടൻ അച്ചനമ്പലം | 40,000 |
| 3 | കാർത്ത്യയാനി മരുതാടൻ ചേറൂർ (പി ഒ) | 40,000 |
| 4 | ശാന്ത W/O കുഞ്ഞുട്ടിവൈദ്യർ ഇ കെ പടി | 40,000 |
| 5 | ഷിബിന W/O സുരേഷ് നെച്ചിക്കാട്ടൻ കണ്ണമംഗലം | 40,000 |

അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 23/23-24/26.06.24 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 2,00,000 രൂപ (40000x 5) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-21 എം.സി.എഫ്. നിർമ്മാണം - വിഭാവനം ചെയ്ത പ്രവൃത്തികൾ കരാർ കാലയളവിൽ ചെയ്യുന്നില്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രോജക്ട് - എം.സി.എഫ്. നിർമ്മാണം

2021-22 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പ്രവൃത്തിയാണ് എം.സി.എഫ്. കെട്ടിട നിർമ്മാണം. പ്രവൃത്തിക്ക് വേണ്ടി നാളിത് വരെയുള്ള ചെലവിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 2021-22 | 29,00,888 | Building Construction, Site Levelling, Compound Wall |
| 2022-23 | 8,75,618 | Building Completion, Compound Wall Second Phase |
| 2023-24 | 2,30,994 | Building Completion Work |

2023-24 വർഷത്തിൽ എം.സി.എഫ്. കെട്ടിട നിർമ്മാണ (SO230/24) പ്രവൃത്തിക്ക് വേണ്ടി 25,97,244 രൂപയുടെ അടങ്കൽ തയ്യാറാക്കിയാണ് അംഗീകാരം വാങ്ങിയിട്ടുള്ളത്. ഇതിന് സാങ്കേതിക അനുമതിയും ലഭിച്ചിട്ടുണ്ട്. ശ്രീ. മുജീബ് റഹ്മാൻ എന്ന വ്യക്തിയുടെ ടെണ്ടർ അംഗീകരിക്കുകയും 4.2.23 ന് കരാർ വച്ച പ്രവൃത്തിക്ക് 9 മാസം പൂർത്തീകരണ കാലയളവ് നൽകുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം Side Protection Wall, Yard Concreting, Rolling Shutter, Hand Rail, Truss Work, Painting, PVC Gutter എന്നീ ഇനങ്ങൾ ഉൾപ്പെടുത്തിയ ഈ പ്രവൃത്തിയിൽ തൻവർഷത്തിൽ Side Protection Wall മാത്രമാണ് കരാറുകാരൻ ചെയ്തിട്ടുള്ളത്. ബാക്കി ഇനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളത് 2024-25 വർഷത്തിലാണ്. ഗ്രാമ പഞ്ചായത്തിന്റെ 20-21വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ആരംഭിച്ച മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിന്റെ (എം.സി.എഫ്.) നിർമ്മാണം വർഷങ്ങൾ പിന്നിട്ടിട്ടും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. 26.6.24 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയി സ്ഥല പരിശോധനയിൽ കെട്ടിടത്തിൽ ഇലക്ട്രിഫിക്കേഷൻ, പെയിന്റിംഗ് വർക്കുകൾ എന്നിവ ഇനിയും ചെയ്യാൻ ബാക്കിയുണ്ടെന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടു. മാത്രമല്ല കെട്ടിടത്തിന് മുകളിൽ പാരപറ്റ് കെട്ടാത്തതിനാൽ ചുമരുകളിലേക്ക് വെള്ളം ലീക്കായി വരുന്ന അവസ്ഥയുണ്ട്.

സൈറ്റിലെ അവസ്ഥ വെച്ച് എം.സി.എഫ്. പ്രവർത്തനക്ഷമമാക്കുന്നതിന് ഇനിയും അനുബന്ധ സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. വെള്ളം, വൈദ്യുതി, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. പ്രവൃത്തിക്ക് അനുവദിച്ച കാലയളവുകളിൽ വിഭാവനം ചെയ്ത പ്രവൃത്തികൾ ചെയ്ത്

തീർക്കാത്തതിനാൽ എം.സി.എഫ് കെട്ടിടം ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥയാണുള്ളത്. നമ്പർ. 4/24-06-2024 ആയി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തീയതി സെലക്ട് ചെയ്ത് കൊടുക്കേണ്ട സമയത്ത് വന്ന ക്ലറിക്കൽ മിസ്റ്റേക്ക് മൂലമാണ് അപാകത സംഭവിച്ചത് എന്ന മറുപടി ലഭ്യമാക്കി. എം.സി.എഫ് എത്രയും വേഗം പ്രവർത്തനക്ഷമമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 മരാമത്ത് പ്രവൃത്തിയിൽ കരാറുകാർക്ക് അധികം അനുവദിച്ച തുക ഓഡിറ്റ് അന്വേഷത്തിന് മറുപടിയായി തിരിച്ചടവാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച തുകകൾ ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ ഭാഗമായി തിരിച്ചടവാക്കി.

| പ്രവൃത്തി | അപാകത | ഓഡിറ്റ് അന്വേഷണം നമ്പർ | തിരിച്ചടവാക്കിയ തുക | രസീത് നമ്പർ |
|---|---|---|---|---|
| **തീണ്ടേക്കാട് മേമാട്ടുപാടം റോഡ് സൈഡ് പ്രൊട്ടകഷൻ പ്രവൃത്തി ( 237/24)** | **ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി** | 25 / 26.6.24 | **5111** | 1240100997/27.6.24 |
| **തീണ്ടേക്കാട് മേമാട്ടുപാടം റോഡ് സൈഡ് പ്രൊട്ടക്ഷൻ ( 237/24)** | **നിയമപരമായ കാലാവധിക്കുള്ളിൽ കരാർ ചമക്കാത്തതിന് പിഴ ഈടാക്കിയില്ല** | 3 /26.6.24 | **2945** | 1240100951/26.6.24 |
| **പഞ്ചായത്ത് സ്റ്റേഡിയം നവീകരണം ( 185/24)** | **സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി** | 24 / 26.6.24 | **2264** | 1240100996/27.6.24 |
| **മേമാട്ടുപാറ ഉണ്ണ്യാല റോഡ് സൈഡ് പ്രൊട്ടക്ഷൻ ( 227/24)** | **നിയമപരമായ കാലാവധിക്കുള്ളിൽ കരാർ ചമക്കാത്തതിന് പിഴ ഈടാക്കിയില്ല** | 3 / 26.6.24 | **1359** | 1240100989/26.6.24 |
| **അച്ഛനമ്പലം വളപ്പിൽ റോഡ് പുനരുദ്ധാരണം ( 234/24)** | **ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി** | 26 / 26.6.24 | **1975** | 1240100998/27.6.24 |
| **മേമാട്ടുപാറ ഉണ്ണ്യാല റോഡ് സൈഡ് പ്രൊട്ടക്ഷൻ ( 227/24)** | **ഫൈൻ ഈടാക്കിയില്ല** | 27 / 26.6.24 | **1253** | 1240101001/27.6.24 |

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 മരാമത്ത് പ്രവൃത്തികളിൽ Letter Of Acceptance ഇഷ്യൂ ചെയ്യുന്നതിന് മുമ്പ് തന്നെ കരാർ ചമച്ചു

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തികളുടെ Letter Of Acceptance ഇഷ്യൂ ചെയ്യുന്നതിന് മുമ്പ് തന്നെ കരാർ ചമച്ചിട്ടുണ്ട്.

1. ചെറിയ വാളക്കട പെരുമ്പിലായി റോഡ് പ്രവൃത്തി

പ്രോജക്റ്റ് - 226/24

വൗച്ചർ - 23152052003800822965/21.11.23

ചെലവ് - 145669

കരാറുകാരൻ - കോയക്കുട്ടി

ഫണ്ട് - MG (R)

കരാർ - 04/AE/KNM/22-23 Dtd. 1.4.23

Esti.No. - 58336/2022

TS No. - 58336/3.12.22

1,50,000 രൂപ അടങ്കൽ വച്ച മേൽ പ്രവൃത്തിക്ക് കോയക്കുട്ടി എന്ന കരാറുകാരന്റെ ടെണ്ടർ ആണ് അംഗീകരിച്ചിട്ടുള്ളത്. കരാർ തുകയായി ടിയാൻ രേഖപ്പെടുത്തിയിട്ടുള്ളത് 123489 രൂപയാണ്. പ്രവൃത്തിക്ക് കരാർ ചമക്കുന്നതിന് 4.4.2023 ന് ശ്രീ. കോയക്കുട്ടി Letter Of Acceptance അയച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തിക്ക് വേണ്ടി കരാറുകാരൻ കരാർ ചമച്ചിട്ടുള്ളത് 1.4.23 തിയതിയിലാണ്. കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ച് ടിയാനെ അറിയിക്കുന്നതിന് മുമ്പ് തന്നെ പ്രവൃത്തിയുടെ കരാർ ചമച്ചു.

2. പ്രവൃത്തി- എം.സി.എഫ്. കെട്ടിടം പൂർത്തീകരണം

പ്രോജക്റ്റ് - 230/24

പ്രവൃത്തി - എം.സി.എഫ്. കെട്ടിടം പൂർത്തീകരണം

വൗച്ചർ - XVFC/23-24/P/61/27.3.24

ചെലവ് - 230994 (പാർട്ട് ബിൽ)

കരാറുകാരൻ - മുജീബ് റഹ്മാൻ

ഫണ്ട് - CFC

കരാർ - 14/AE/KNM/22-23 Dtd. 4.2.23

Esti.No. - 73263/2022

TS No. - 73263/13.12.22

25,50,000 രൂപ അടങ്കൽ വച്ച മേൽ പ്രവൃത്തിക്ക് മുജീബ് റഹ്മാൻ എന്ന കരാറുകാരന്റെ ടെണ്ടർ ആണ് അംഗീകരിച്ചിട്ടുള്ളത്. കരാർ തുകയായി ടിയാൻ രേഖപ്പെടുത്തിയിട്ടുള്ളത് 15,75,797 രൂപയാണ്. പ്രവൃത്തിക്ക് കരാർ ചമക്കുന്നതിന് 6.2.2023 ന് ശ്രീ. മുജീബ് റഹ്മാന് Letter Of Acceptance അയച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തിക്ക് വേണ്ടി കരാറുകാരൻ കരാർ ചമച്ചിട്ടുള്ളത് 4.2.23 തിയതിയിലാണ്.

അപാകതകൾക്ക് കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് അറിയിച്ച് ഓഡിറ്റ് അന്വേഷണങ്ങൾക്ക് (Audit Enquiry 4&5/24.6.24) Letter Of Acceptance ഇഷ്യു ചെയ്തതിന് ശേഷം മാത്രമേ കരാർ ചെയ്യുന്നതിന് PRICE 3 പ്രകാരം സാധിക്കുയുള്ളൂ എന്നും എന്നാൽ വക്കുന്ന സമയത്ത് തിയതി സെലക്ട് ചെയ്തപ്പോൾ സംഭവിച്ച പിഴവാണെന്ന് പ്രവൃത്തികളിൽ ഉണ്ടായതെന്നും അറിയിച്ചു. വിവിധ സൈറ്റ് വർക്കുകൾ, ബിൽഡിംഗ് പെർമിറ്റുകൾ , വാലേഷനുകൾ എന്നിവയെല്ലാം ഒറ്റക്ക് നോക്കേണ്ടതിനാൽ മറ്റുള്ള പ്രവൃത്തികൾ പ്രൈസ് സോഫ്റ്റ് വെയറിൽ പരിശീലനം ലഭിക്കാത്ത താൽക്കാലിക ജീവനക്കാരനെ വച്ച് ആണ് ചെയ്തിരുന്നതെന്നും ഈ പരിമിതികളാണ് അപാകതകൾക്കിടയാക്കിയ സാഹചര്യം എന്നും അറിയിക്കുകയുണ്ടായി. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 അസി.എഞ്ചിനീയർ - കാഷ്ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നില്ല

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക , ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിൽ പണം വരാൻ സാധ്യതയുണ്ട്. എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള വേങ്ങര SBI ശാഖയിൽ ഉള്ള 38038684112 നമ്പർ ബാങ്ക് അക്കൗണ്ടിലെ വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിൽ ഇത്തരത്തിൽ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

മേൽ അക്കൗണ്ടിലെ തൻവർഷത്തെ ഇടപാടുകളുടെ സംക്ഷിപ്തം ചുവടെ കൊടുക്കുന്നു. പ്രസ്തുത ഇടപാടുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

| മുന്നിരിപ്പ് | ഇടപാടുകളുടെ എണ്ണം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 3,61,912.87 | 88 | 68,725 | 3,87,027.87 | 43,610 |

നീക്കിയിരിപ്പ് കാണിച്ചിട്ടുള്ള തുക ടെണ്ടർ ഫോം വിലയാണ്. ആയത് 2024-25 വർഷത്തിൽ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

കാഷ്ബുക്ക് ക്രമപ്രകാരം എഴുതി സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 Advance To Implementing Agencies - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവാത്തത് / തുക തിരിച്ച് ഈടാക്കാത്തത് സംബന്ധിച്ച്

കണ്ണമംഗലം ഗ്രാമ പഞ്ചായത്തിൽ 2023-24 വർഷത്തെ വാർഷിക കണക്ക് (Schedule B18) പ്രകാരം താഴെ പറയും പ്രകാരമുള്ള തുക കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തത് നാളിത് വരെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ കിടക്കുന്നതായി കാണുന്നു.

| Head | Amount | Remarks |
|---|---|---|
| 460500201 | 2,10,14,647 | KWA |

മേൽ ഡെപ്പോസിറ്റ് തുകയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമാണെന്നും (പ്രവൃത്തികളുടെ പേമെന്റ് വിശദാംശങ്ങൾ സഹിതം) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അറിയിക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി (6/24.6.24) ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ മേൽ തുകകളുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രവൃത്തികൾക്ക് അനുവദിച്ച തുകകൾ തിരിച്ച് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 നിശ്ചിത സമയത്തിനകം കരാർ ചമക്കാത്ത കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചില്ല

പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ പ്രത്യക്ഷമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെയുള്ളതിൽ പൊതുമരാമത്ത് വകുപ്പിൽ തത്സമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്നും ഈ ചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. (ചട്ടം 18).

ടെണ്ടർ അംഗീകരിക്കപ്പെട്ട കരാറുകാർ യഥാസമയം കരാർ ചമച്ചില്ലെങ്കിൽ സ്വീകരിക്കേണ്ട നടപടികൾ ഈ ചട്ടത്തിൽ പരാർശിച്ചിട്ടില്ല. അതിനാൽ ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പിലെ നടപടിക്രമമാണ് പാലിക്കേണ്ടത്.

പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 ൽ ഇതുസംബന്ധിച്ച് താഴെ പറയുന്ന നടപടികളാണ് നിർദേശിക്കുന്നത്.

* തെരഞ്ഞെടുക്കപ്പെട്ട കരാറുകാർക്ക് ഏഴ് ദിവസത്തിനകം സെലക്ഷൻ നോട്ടീസ് നൽകണം.

* സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത് അയക്കുന്ന തിയ്യതിയാണ് കൈപ്പറ്റ് തിയ്യതിയായി കണക്കാക്കേണ്ടത്.

* സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം പിഴയില്ലാതെ കരാർ ചമക്കാം.

* നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുശേഷമുള്ള 10 ദിവസം ഒരു ശതമാനം പിഴയോടെ (കുറഞ്ഞത് 1000 പരമാവധി 25000 ) കരാർ ചമക്കാവുന്നതാണ്.

*പിഴയോടെ കരാർ ചമക്കേണ്ട തിയ്യതിക്കകം കരാർ ചമച്ചില്ലെങ്കിൽ സെലക്ഷൻ നോട്ടീസ് കാൻസൽ ചെയ്ത് കരാറുകാരന്റെ EMD പിടിച്ചുവച്ച് അടുത്ത കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത കരാറുകാരൻ ആദ്യകരാറുകാരന്റെ നിരക്കിന് പ്രവൃത്തി ചെയ്യാൻ തയ്യാറാണോ എന്ന് അന്വേഷിച്ച് രേഖാമൂലം എഴുതി വാങ്ങേണ്ടതും തയ്യാറല്ല എങ്കിൽ പ്രവൃത്തി റി ടെണ്ടർ ചെയ്യേണ്ടതുമാണ്.

ഇത്തരത്തിൽ റി ടെണ്ടർ ചെയ്യുമ്പോൾ ഉണ്ടാകുന്ന നഷ്ടം ആദ്യ കരാറുകാരനിൽ നിന്ന് ഈടാക്കാവുന്നതാണ് എന്നും മാന്വലിൽ നിർദേശിക്കുന്നുണ്ട്.

**മേൽ കാര്യങ്ങളിൽ നിന്ന് താഴെ പറയുന്ന വസ്തുതകൾ വ്യക്തമാണ്.**

ടെണ്ടർ അംഗീകരിച്ച് പരമാവധി 21 ദിവസത്തിനകം പിഴയില്ലാതെയും തുടർന്ന് 10 ദിവസം ഒരു ശതമാനം പിഴയോടെയും കരാർ ചമക്കാവുന്നതാണ്. അതിനു ശേഷം മാന്വലിൽ വ്യക്തമാക്കിയ മറ്റ് തുടർ നടപടികളാണ് സ്വീകരിക്കേണ്ടത്.

23-24 ൽ നടപ്പാക്കിയ വിവിധ പ്രവൃത്തികളുടെ കരാറുകാർ പഞ്ചായത്തുമായി കരാർ ചമച്ചതിന്റെ വിവരം പരിശോധിച്ചതിൽ ഏതാനും പ്രവൃത്തികളിൽ കരാർ ചമക്കാൻ മേൽ പരാമർശിച്ച 21 ദിവസത്തിലധികം കാലതാമസമുണ്ടായിട്ടുണ്ട് എന്നും എന്നാൽ കരാർ ചമക്കാൻ വൈകിയതിന് ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല എന്നും വ്യക്തമായി.

മരാമത്ത് പ്രവൃത്തികൾക്ക് കരാർ ചമക്കുന്നതിൽ സർക്കാർ നിർദ്ദേശിക്കുന്ന സമയക്രമം പൂർണ്ണമായി പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 4&5/24.06.2024 ) മറുപടിയായി പിഴ ഇനത്തിലെ തുക അടവാക്കി അപാകത പരിഹരിച്ചു. ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 വി ഇ ഒ ഓഫീസിലേക്ക് പ്രിന്റർ വാങ്ങൽ - പ്രിന്റർ ലഭ്യമായില്ല

പ്രോജക്റ്റ് നം. 146/24

വിനിയോഗിച്ച തുക – 35,040 രൂപ (മെയിന്റനൻസ് ഫണ്ട് -റോഡിതരം )

ബിൽ നം. 28/23-24/ 15.12.2023 – 35,040 രൂപ

നിർവ്വഹണം - ലേഡി വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ

പദ്ധതി പ്രകാരം എ 4 മൾട്ടി ഫംഷൻ പ്രിന്റർ വാങ്ങുന്നതിനായി മുൻകൂർ തുക കേരള സ്റ്റേറ്റ് ഐ ടി മിഷൻ തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും പ്രിന്റർ ലഭ്യമായിട്ടില്ല. പ്രിന്റർ ലഭ്യമായിതിന്റെ വിവരം സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തിയ ഇൻവോയ്സ് സഹിതം ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാകുന്നത് വരെ ചെലവ് തുക 35,040/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി നം. 29/23-24/27.06.2024 -മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-28 ലൈഫ് ഭവനനിർമ്മാണം -അഡ്വാൻസ് തുക കൈപ്പറ്റി - ഭവനനിർമ്മാണം ആരംഭിച്ചില്ല

ലൈഫ് ഭവനനിർമ്മാണ പദ്ധതി പ്രകാരം 2022-23 വർഷത്തിൽ ഭവന നിർമ്മാണത്തിനായി അഡ്വാൻസ് തുക 40,000 രൂപ കൈപ്പറ്റിയ കമലാക്ഷി W/O ചൂലൻ പുള്ളാട്ടുപടിക്കൽ വീട്, പൂച്ചോലമാട് (വാർഡ് -13) എന്ന ഗുണഭോക്താവ് നാളിതുവരെയും ഭവനനിർമ്മാണം ആരംഭിച്ചതിന്റെയോ, തുടർ ഗഡുക്കൾ കൈപ്പറ്റിയതിന്റെയോ വിവരം ലഭ്യമല്ല. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.28/27.06.2024)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് കാരണം വ്യക്തമാക്കേണ്ടതും തുടർനടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-29 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അപാകത

പ്രോജക്റ്റ് നം. 40/24

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

വിനിയോഗിച്ച തുക – 24,75,000 രൂപ

15,75,000 രൂപ – പ്ലാൻ ഫണ്ട് (എസ് സി പി )

9,00,000 രൂപ – ജില്ലാപഞ്ചായത്ത് വിഹിതം

നിർവ്വഹണം - അസിസ്റ്റൻറ് സെക്രട്ടറി

ടി ആർ എൻ - 231520000000007436/ 26.03.24 – 60,000 രൂപ

ടി ആർ എൻ - 231520000000007442/ 26.03.24 – 3,50,000 രൂപ

ടി ആർ എൻ - 231520000000007441/ 26.03.24 – 3,45,000 രൂപ

ടി ആർ എൻ - 231520000000004656/ 30.11.23 – 8,15,000 രൂപ

ടി ആർ എൻ - 231520000000005202/ 23.12.23 – 2,30,000 രൂപ

ടി ആർ എൻ - 231520000000005513/ 04.01.24 – 6,75,000 രൂപ

ടി ആർ എൻ - 231520000000004656/ 30.11.23 – 8,15,000 രൂപ പ്രകാരം ആനുകൂല്യം കൈപ്പറ്റിയ പ്രണവ് സി ചെമ്പട്ട വീട് വെട്ടുതോട്, വേങ്ങര പി ഒ എന്ന വിദ്യാർത്ഥി 30,000 രൂപ കൈപ്പറ്റിയിട്ടുണ്ട്. ടിയാൻ തിരുവനന്തപുരം കാര്യാവട്ടം കേരള സർവ്വകലാശാല, ഡിപ്പാർട്ട്മെന്റ് ഓഫ് കോമേഴ്സിൽ എം കോം വിദ്യാർത്ഥിയായതിനാലാണ് തുക അനുവദിച്ചത് .

എന്നാൽ പ്രൊഫസർ & ഹെഡ് ഡിപ്പാർട്ട്മെന്റ് ഓഫ് കോമേഴ്സ്, സ്കൂൾ ഓഫ് ബിസിനസ് മാനേജ്മെന്റ് ആന്റ് ലീഗൽ സ്റ്റഡീസിന്റെ 13.09. 2023 തീയ്യതിയിലെ DC/M.Com/2023 നം. കത്തിൽ ടിയാൻ കോഴ്സ് ചെയ്തത് 2021- 23 വർഷത്തിലാണെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട് . 2023-24 വർഷത്തിൽ ഉപരിപഠനം നടത്തുന്ന പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്കാണ് പദ്ധതി പ്രകാരം സ്കോളർഷിപ്പ് ലഭിക്കുവാൻ അർഹത എന്നിരിക്കെ, പഠനം പൂർത്തീകരിച്ച വ്യക്തിക്ക് സ്കോളർഷിപ്പ് അനുവദിച്ചതിന് കാരണം വ്യക്തമല്ല. വിശദവിവരം ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
(ഓഡിറ്റ് എൻക്വയറി നം. 30/23-24/ 27.06. 2024 -മറുപടി ലഭ്യമാക്കിയില്ല.)

## 1-30 ഡെപ്പോസിറ്റ് പ്രവർത്തികൾ - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.

2023-24 വർഷത്തിൽ സെക്രട്ടറി മുഖേന നടപ്പിലാക്കിയ ചുവടെ ചേർത്ത ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്റ്റിന്റെ വിവരം | വിനിയോഗിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | പ്രോജക്റ്റ് നം. 151/24 നിലാവ് പദ്ധതി - സ്ട്രീറ്റ് മെയിൻ വലിക്കൽ (സ്പിൽ ഓവർ) | 14,29,517 രൂപ<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>1)വൗച്ചർനം. XVFC/23-24/P/53/11.04.23-5,44,588 രൂപ<br>2)വൗച്ചർനം. XVFC/23-24/P/40/17.10.23-8,84,929 രൂപ | അസിസ്റ്റന്റ് എഞ്ചിനീയർ കെ എസ് ഇ ബി വേങ്ങരക്ക് തുക നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. കിളിനക്കോട് ഭാഗത്തേക്ക് സ്ട്രീറ്റ്മെയിൻ വലിക്കുന്നതിനാണ് 5,44,588 രൂപ നൽകിയത്.<br>പദ്ധതി സംബന്ധിച്ച ചുവടെ ചേർത്ത വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>- വൗച്ചർനം. XVFC/23-24/P/40/17.10,23- 8,84,929 രൂപ നൽകിയത് എവിടെ സ്ട്രീറ്റ്മെയിൻ വലിക്കുന്നതിനാണെന്ന് വ്യക്തമല്ല. ആയത് സംബന്ധിച്ച എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല.<br>- പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.<br>- മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ സ്ട്രീറ്റ്മെയിൻ പദ്ധതികൾ പ്രകാരം വലിച്ച സ്ട്രീറ്റ്മെയിന്റെ വിവരം |
| 2 | പ്രോജക്റ്റ് നം. 147/24<br>വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ മൂന്നാംഘട്ടം (സ്പിൽ ഓവർ) | 32,78,000 രൂപ<br>വൗച്ചർ നം.XVFC/2023-24/P/23/21.08.23<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് | പദ്ധതി പ്രകാരം 32,78,000 രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി മലപ്പുറത്തിന് 09.06.2023 ലെ നം. 11/23-24 ഉടമ്പടി പ്രകാരം നൽകിയിട്ടുണ്ട് .<br>- ഉടമ്പടി പ്രകാരം ആറുമാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കണം, പൂർത്തീകരിച്ച് ഒരാഴ്ചക്കുള്ളിൽ ഫൈനൽ ബില്ലിന്റെ പകർപ്പ്, പെർഫോർമൻസ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ സ്ഥാപനം ഗ്രാമപഞ്ചായത്തിന് നൽകണം. ആയത് പ്രകാരം ലഭ്യമാക്കിയ മേൽ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.<br>- ഉടമ്പടി വ്യവസ്ഥ (10)പ്രകാരം അതാത് വർഷം മാർച്ച് മാസത്തിനു മുൻപ് പൂർത്തീകരിക്കുന്ന പ്രവൃത്തികൾക്ക് മാത്രം തുക ഡെപ്പോസിറ്റ് ചെയ്യേണ്ടതും ആയത് പ്രകാരം എഗ്രിമെന്റിൽ കൃത്യമായ തീയതി രേഖപ്പെടുത്തി പൂർത്തീകരിക്കേണ്ടതാണ് |

| | | | | |
|---|---|---|---|---|
| | | | | അല്ലാത്തപക്ഷം മാർച്ച് മാസം അവസാനത്തോടുകൂടി നീക്കിയിരിപ്പ് കാണുന്ന ഡെപ്പോസിറ്റ് തുക 12% പലിശ സഹിതം തിരികെ അടവാക്കേണ്ടതാണ്.<br>ആയത് പാലിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/23-24/26.06.24) മറുപടി ലഭ്യമായിട്ടില്ലാത്തതിനാൽ പദ്ധതിക്കൾക്കായി ചെലവഴിച്ച 47,07,517 രൂപ (14,29,517 + 32,78,000) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-31 ഗ്രാമവണ്ടി അനുബന്ധ ചെലവുകൾ - വിശദവിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം. 289/24

ഗ്രാമവണ്ടി അനുബന്ധ ചെലവുകൾ

വിനിയോഗിച്ച തുക – 3,49,391 രൂപ (തനത് ഫണ്ട്)

വൗച്ചർ നം. 22300663/ 20.11.23 – 1,00,000 രൂപ

വൗച്ചർ നം. 22300926/ 02.02.24 – 81,753 രൂപ

വൗച്ചർ നം. 22301015/ 04.03.24 – 83,588 രൂപ

വൗച്ചർ നം. 22301126/ 28.03.24 – 84,050 രൂപ

നിർവ്വഹണം - സെക്രട്ടറി

പൊതുഗതാഗത സൗകര്യം കുറവുള്ള മേഖലകളിലേക്കും ഗ്രാമപ്രദേശങ്ങളിലേക്കും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന മേഖലകളിലേക്കും പൊതുഗതാഗത സൗകര്യം ലഭ്യമാക്കുന്നതിന് ആരംഭിച്ച പ്രത്യേക കെ എസ് ആർ ടി സി ബസ് ആണ് ഗ്രാമവണ്ടി. 13.11.23 ന് കെ എസ് ആർ ടി സി ജില്ലാ ട്രാൻസ്പോർട്ട് ഓഫീസറും സെക്രട്ടറിയും തമ്മിൽ ഒപ്പുവെച്ച കരാർ പ്രകാരം കണ്ണമംഗലം മുതൽ മലപ്പുറത്തേക്ക് (അച്ചനമ്പലം കിളിനക്കോട് വഴി ) 01.12.23 മുതൽ ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട് . പ്രതിമാസം ഡീസൽ ചാർജ് എല്ലാമാസവും അഞ്ചാമത്തെ പ്രവൃത്തി ദിവസത്തിൽ സ്ഥാപനം ലഭ്യമാക്കുന്ന മുറക്ക് 20 ന് മുൻപായി നൽകേണ്ടതും 25-ാം പ്രവർത്തി ദിനത്തിലും തുക നൽകിയില്ലെങ്കിൽ വൈകുന്ന ഓരോ ദിനത്തിനും 1000 രൂപ വീതം ലേറ്റ് ഫീസ് ചുമത്താൻ സ്ഥാപനത്തിന് അധികാരമുണ്ടായിരിക്കുന്നതാണെന്ന് വ്യവസ്ഥ (നം.14) ചെയ്തിട്ടുണ്ട് .

കൂടാതെ, 1,00,000 രൂപ മടക്കി നൽകാവുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റായി കെ എസ് ആർ ടി സി ക്ക് നൽകേണ്ടതും പ്രതിമാസം 25 ദിനമെങ്കിലും സർവ്വീസ് നടത്തിയിരിക്കണമെന്നും പ്രതിദിനം 156 കീ.മി സർവ്വീസ് നടത്തിയിരിക്കേണ്ടതുമാണ്.

വിശദാംശങ്ങൾ പരിശോധിച്ചതിൽ 12/23, 1/24, 2/24 എന്നീമാസങ്ങളിൽ സർവ്വീസ് നടത്തിയതിന്റെയും ഡീസൽ തുക നൽകിയതിന്റെയും വിവരമാണ് ലഭ്യമാക്കിയത് . പ്രസ്തുത മാസങ്ങളിൽ 24 ദിനങ്ങളിലാണ് സർവ്വീസ് നടത്തിയത് (പ്രതിദിനം 156 കീ.മി സർവ്വീസ് നടത്തിയോയെന്ന് വ്യക്തമല്ല). മൂന്നു വർഷത്തേക്ക് സർവ്വീസ് നടത്താനാണ് ഉടമ്പടി എന്നതിനാൽ തുടർന്ന് ഗ്രാമവണ്ടി സർവ്വീസ് നടത്തിയതിന്റെയും ഡീസൽ തുക നൽകിയതിന്റെയും ഇപ്പോൾ സർവ്വീസ് നടത്തുന്നെങ്കിൽ ആയതിന്റെ വിവരവും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/23-24/26.06.24) മറുപടി ലഭ്യമാക്കിയില്ല. വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-32 ഇലക്ട്രിഫിക്കേഷൻ പദ്ധതി -നിർവ്വഹണത്തിലെ അപാകതകൾ

സ.ഉ (കൈ) നം 84/2022/ തസ്വഭവ തി.19.04.2022 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ഏറ്റെടുത്തു നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും ചെക്ക് മെഷർ ചെയ്യുന്നതിനും LSGD എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉൾപ്പെട്ടതും PWD, KSEB, Electrical Inspectorate എന്നിവിടങ്ങളിൽ നിന്ന് വിരമിച്ചവരുമായ യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ (Technical Committee) ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണ്. LSGD എക്സിക്യൂട്ടീവ് എഞ്ചിനീയർ Technical Committee യുടെ കൺവീനർ ആയിരിക്കും. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം കൺവീനർ അനുവദിക്കേണ്ടതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക എന്നിവക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് Technical Committee യിൽ നിന്നും ഒരു എഞ്ചിനീയറെ തദ്ദേശ സ്വയം ഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. കരാറിൽ

ചുമതലകളും വ്യവസ്ഥകളും വ്യക്തമാക്കുകയും സമ്മത പത്രം വാങ്ങുകയും വേണം. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 തൂപ, പരമാവധി 50000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. കൂടാതെ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക എന്നിവക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയുടെ 1.5% തുക (കുറഞ്ഞത് 2000 തൂപ, പരമാവധി 20000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുന്നതിനും ടെക്നിക്കൽ കമ്മിറ്റിയിലെ ഒരംഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ നിർവഹണ മേൽ നോട്ടം നടത്തി അളവുകൾ രേഖപ്പെടുത്തിയ അതേ അംഗത്തെ തന്നെ ചെക്ക് മെഷർ നടത്തുന്നതിന് നിയോഗിക്കാൻ പാടില്ല. ചെക്ക് മെഷർ ചെയ്യുന്നതിന് പ്രതിഫലമായി എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 തൂപ, പരമാവധി 50000 രൂപ) നൽകാവുന്നതാണ്.

വിവിധ പ്രവർത്തികളിലായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1)പ്രോജക്റ്റ് നം. 150/24

ഗ്രാമപഞ്ചായത്ത് ഓഫീസ് വയറിംഗ് (സ്പിൽ ഓവർ)

വിനിയോഗിച്ച തുക – 50,905 രൂപ( തനത് ഫണ്ട് )

വൗച്ചർ നം. 22300676/23.11.23 – 50,905 രൂപ

2)പ്രോജക്റ്റ് നം. 152/24

ഗ്രാമപഞ്ചായത്ത് ഗ്രൗണ്ടിൽ ഫ്ലഡ് ലൈറ്റ് സ്ഥാപിക്കൽ (സ്പിൽ ഓവർ)

വിനിയോഗിച്ച തുക – 1,09,647 രൂപ( തനത് ഫണ്ട് )

വൗച്ചർ നം. 22300677/23.11.23 – 50,905 രൂപ

(പദ്ധതി പ്രകാരം സ്ഥാപിച്ച ഫ്ലഡ് ലൈറ്റുകളുടെ സ്റ്റോക്ക് ,ഇഷ്യൂ വിവരം വാറണ്ടി വിവരം എന്നിവയും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.)

3)പ്രോജക്റ്റ് നം. 156/24

ഗ്രാമപഞ്ചായത്ത് ടേക്ക് എ ബ്രേക്ക് വൈദ്യുതീകരണം (സ്പിൽ ഓവർ)

വിനിയോഗിച്ച തുക – 65,975 രൂപ( തനത് ഫണ്ട് )

വൗച്ചർ നം. 22300767/20.12.23 – 65,975 രൂപ

4)പ്രോജക്റ്റ് നം. 153/24

ആയുർവേദ ഡിസ്‌പെൻസറി റീ വയറിംഗ് (സ്പിൽ ഓവർ)

വിനിയോഗിച്ച തുക – 66,107 രൂപ(മെയന്റനൻസ് ഫണ്ട് -റോഡിതരം)

ടി ആർ എൻ നം. 231520000000004658/30.11.2013

5)പ്രോജക്റ്റ് നം. 149/24

മേമാട്ടുപാറ അംഗനവാടി മുകൾനില റീവയറിംഗ് (സ്പിൽ ഓവർ)

വിനിയോഗിച്ച തുക – 52915 രൂപ(തനത് ഫണ്ട് )

വൗച്ചർ നം. 22300675/23.11.23 – 52,915 രൂപ

ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കണ്ടെത്തി

1). ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനം എഞ്ചിനിയറെ തെരഞ്ഞെടുത്തതായും കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല.

2). പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രം വാങ്ങിയതായും കാണുന്നില്ല.

3). പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക എന്നിവക്കുള്ള 2% ഓണറേറിയവും പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക എന്നിവക്കായുള്ള 0.5% ഓണറേറിയവും, ബിൽ തയ്യാറാക്കുന്നതിനുള്ള തുക ഉൾപ്പെടെ (ആകെ 11,403രൂപ) ശ്രീ.അബൂബക്കർ സി കെ ( ജില്ലാ പഞ്ചായത്ത് ടെക്നിക്കൽ കമ്മറ്റി (ഇലക്ട്രിക്കൽ)അംഗം) യുടെ 67156870219 (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ) ബാങ്ക് അക്കൗണ്ടിലേക്കുമാണ് നൽകിയിട്ടുള്ളത്.

4)എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക, പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തുക, പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക തുടങ്ങി ഒരു പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ

ചുമതലകളും സാങ്കേതികാനുമതിക്കായുള്ള പാനൽ (ശ്രീ. അബൂബക്കർ, ശ്രീ.അലികുന്നത്ത്, ശ്രീ.അബ്ദുൾഗഫൂർ കെഎൻ). തന്നെയാണ് നിർവഹിക്കുന്നത്. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്. ഓഡിറ്റ് എൻകയറിക്കും (നം.16/23-24/26.06.24) മറുപടി ലഭ്യമാക്കിയില്ല.

## 1-33 ഭിന്ന ശേഷി കലോത്സവം- ക്വട്ടേഷൻ, മറ്റ് അപാകതകൾ

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി. : 25/2023-24 ഭിന്നശേഷി കലോത്സവം

അടങ്കൽ : 75000/-(₹75000-വികസന ഫണ്ട്-ജനറൽ)

ചെലവ് : 75000/-(₹75000-വികസന ഫണ്ട്-ജനറൽ)

ബിൽ നം. 2315205200230094916З/18.12.23

ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കൈപ്പറ്റിയ വ്യക്തി/ സ്ഥാപനം | തുക | ബാങ്ക് അക്കൗണ്ട് നമ്പർ | ഇനം/വക |
|---|---|---|---|---|
| 1 | ഇബ്രാഹിം അഞ്ചുകണ്ടത്തിൽ | 680 | 4691101007025 | കളർ ക്രയോൺസ് വാങ്ങിയത് |
| 2 | കുഞ്ഞിമുഹമ്മദ് വി.പി | 9500 | VKV0050080001021 | ഓഡിറ്റോറിയം വാടക |
| 3 | മഷൂർ മിർസ | 11500 | 40248101011021 | ലൈറ്റ്&സൗണ്ട് |
| 4 | സൈദലവി | 14570 | 40248100102766 | സമ്മാനം |
| 5 | മുഹമ്മദ് റഫീഖ് | 37500 | 40248100104492 | ഭക്ഷണം |
| 6 | ദീപേഷ് തോട്ടിയിൽ | 1250 | 67339215926 | ബാനർ |
| ആകെ | | 75000/- | | |

ഹാജർ രേഖകൾ പ്രകാരം 326 പേർ പങ്കെടുത്ത ഭിന്നശേഷി കലോത്സവം നടത്തിപ്പിലേക്ക് സമ്മാനം (ഫോട്ടോ പതിച്ച സെറാമിക് മഗ്ഗ്), ഭക്ഷണം, ലൈറ്റ്&സൗണ്ട് എന്നിവക്കായി ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ ICDS/QTN/02/23-24/14.11.23 ക്വട്ടേഷൻ ക്ഷണിച്ച് സാധനങ്ങളും സേവനങ്ങളും സമാഹരിച്ച് മേൽ പട്ടിക പ്രകാരമുള്ള തുക അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ-ജി.ഒ(പി) നം. 259/2010/ത.സ്വ.ഭ.വ തിയതി 08.11.2010 പ്രകാരം 5000 രൂപക്ക് മുകളിലും 25000 രൂപക്ക് താഴെയുമുള്ള ചെലവുകൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പട്ടികയിലെ ക്രമ നം. 2 പ്രകാരമുള്ള ചെലവിന് ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല.

2) ക്രമ നം. 3 പ്രകാരമുള്ള ചെലവിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ടെങ്കിലും കുറഞ്ഞ വില രേഖപ്പെടുത്തിയതായുള്ള യമുന ലൈറ്റ്& സൗണ്ട് എന്ന സ്ഥാപനം മാത്രമാണ് ശരിയായ രീതിയിൽ, സ്ഥാപനത്തിന്റെ വിവരങ്ങളടങ്ങിയ ലെറ്റർ പാഡിൽ, അഡ്രസിൽ ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളത്. മറ്റ് രണ്ട് ക്വട്ടേഷനുകളും സ്ഥാപനത്തിന്റെ അഡ്രസ് വിവരങ്ങളോ ഫോൺ നമ്പറോ ഒന്നുമില്ലാതെ ഒരു A4 പേപ്പറിൽ എഴുതി സമർപ്പിച്ചവയാണ്.

3) ഇൻവോയ്സുകൾ/ക്വട്ടേഷനുകൾ സമർപ്പിച്ച വ്യക്തികളുടെ ക്വട്ടേഷനുകളിലോ ഇൻവോയ്സുകളിലോ കൈപ്പറ്റുകളിലോ സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ ബാങ്ക് അക്കൗണ്ട് വിവങ്ങൾ രേഖപ്പെടുത്തുകയോ ആയതിന്റെ കൂടെ ബാങ്ക് പാസ്സ്ബുക്ക് പകർപ്പ് ഹാജരാക്കുകയോ ചെയ്യാത്തതിനാൽ അതത് സ്ഥാപനങ്ങൾക്ക്/വ്യക്തികൾക്ക് തന്നെയാണോ തുക അനുവദിച്ചത് എന്നത് ഉറപ്പ് വരുത്താനായിട്ടില്ല. ഇത്തരത്തിൽ സംശയത്തിലേക്ക് നയിക്കുന്നതിന് ഇടയാക്കിയ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

A) സ്ഥാപനത്തിന്റെ ഇൻവോയ്സുകളിലെ ഫോൺ നമ്പറും തുക അനുവദിച്ച ബില്ലിൽ രേഖപ്പെടുത്തിയ ഫോൺ നമ്പറുകളും വ്യത്യാസമുണ്ട്. ക്രമ നം 5 പ്രകാരമുള്ള 37500 രൂപ കൈപ്പറ്റിയ മുഹമ്മദ് റഫീഖ് എന്ന വ്യക്തിയുടെ ഫോൺ നമ്പർ അല്ല ഭക്ഷണം വിതരണം ചെയ്ത വൈറ്റ് റോസ് എന്ന സ്ഥാപനത്തിന്റെ E792/05.12.33 നമ്പർ ഇൻവോയിസിൽ രേഖപ്പെടുത്തിയത്.

B) ലൈറ്റ് & സൗണ്ട് ഇനത്തിൽ 11500 രൂപ കൈപ്പറ്റിയതായി രേഖപ്പെടുത്തിയ കൈപ്പറ്റ് രസീതിൽ മഷൂർ "മിസ്ര"എന്ന പേരാണ് രേഖപ്പെടുത്തിയത്. എന്നാൽ ബിൽ തുക നൽകിയത് മഷൂർ 'മിർസ' എന്ന പേരിലാണ്.

4) ലഭ്യമായ വിവിധ ക്വട്ടേഷനുകളുടെ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് ഐ.സി.ഡി.എസ് സൂപ്പർവൈസർ

തയ്യാറാക്കി ഭരണസമിതി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും ഏത് ക്വട്ടേഷനാണ് അംഗീകരിക്കാവുന്നത് എന്നത് പ്രൊക്യൂർമെന്റ് കമ്മിറ്റിയിലേക്ക് ശുപാർശ ചെയ്തിട്ടില്ല.
5) സമ്മാന വിതരണത്തിന് ക്വട്ടേഷൻ ലഭിച്ച (Rs. 230/ഫോട്ടോ പതിച്ച സെറാമിക് മഗ്ഗ്) ഫോക്കസ് ഡിജിറ്റൽ സ്റ്റുഡിയോ-യുടെ 162/05.12.23 നമ്പർ ഇൻവോയ്സിൽ 14750/- എന്ന് മാത്രമാണ് രേഖപ്പെടുത്തിയത്. എന്ത് സാധനം എത്ര എണ്ണം എത്ര രൂപ നിരക്കിൽ വിതരണം ചെയ്തു എന്നത് സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുമില്ല. ആയതിനാലും സമ്മാന വിതരണം സംബന്ധിച്ച മറ്റ് രേഖകൾ ഇല്ലാത്തതിനാലും എത്ര എണ്ണം ഫോട്ടോ പതിച്ച സെറാമിക് മഗ്ഗുകൾ സമ്മാനമായി വിതരണം ചെയ്തിട്ടുണ്ട് എന്നത് വ്യക്തമല്ല.
അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 14/2023-24/26.06.2024ന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്നറിയിക്കുകയും ബാങ്ക് പാസ്സ് ബുക്ക് പകർപ്പുകൾ ഹാജരാക്കുകയും ചെയ്തു. ഭാവിയിൽ നടത്തുന്ന വാങ്ങലുകളിൽ സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കുന്നതിനും അപാകതകൾ ആവർത്തിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകി

പ്രോജക്റ്റ് നം. 40/24

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

വിനിയോഗിച്ച തുക – 24,75,000 രൂപ

15,75,000 രൂപ – പ്ലാൻ ഫണ്ട് (എസ് സി പി )

9,00,000 രൂപ – ജില്ലാപഞ്ചായത്ത് വിഹിതം

നിർവ്വഹണം - അസിസ്റ്റൻറ് സെക്രട്ടറി

ടി ആർ എൻ - 231520000000007436/ 26.03.24 – 60,000 രൂപ

ടി ആർ എൻ - 231520000000007442/ 26.03.24 – 3,50,000 രൂപ

ടി ആർ എൻ - 231520000000007441/ 26.03.24 – 3,45,000 രൂപ

ടി ആർ എൻ - 231520000000004656/ 30.11.23 – 8,15,000 രൂപ

ടി ആർ എൻ - 231520000000005202/ 23.12.23 – 2,30,000 രൂപ

ടി ആർ എൻ - 231520000000005513/ 04.01.24 – 6,75,000 രൂപ

ടി ആർ എൻ - 231520000000004656/ 30.11.23 – 8,15,000 രൂപ പ്രകാരം ആനുകൂല്യം കൈപ്പറ്റിയ പ്രണവ് സി ചെമ്പട്ട വീട് വെട്ടുതോട്, വേങ്ങര പി ഒ എന്ന വിദ്യാർത്ഥി 30,000 രൂപ കൈപ്പറ്റിയിട്ടുണ്ട്. ടിയാൻ തിരുവനന്തപുരം കാര്യാവട്ടം കേരള സർവ്വകലാശാല, ഡിപ്പാർട്ട്മെന്റ് ഓഫ് കോമേഴ്സിൽ എം കോം വിദ്യാർത്ഥിയായതിനാലാണ് തുക അനുവദിച്ചത്.

എന്നാൽ പ്രൊഫസർ & ഹെഡ് ഡിപ്പാർട്ട്മെന്റ് ഓഫ് കോമേഴ്സ്, സ്കൂൾ ഓഫ് ബിസ്നസ് മാനേജ്മെന്റ് ആന്റ് ലീഗൽ സ്റ്റഡീസിന്റെ 13.09.2023 തീയ്യതിയിലെ DC/M.Com/2023 നം. കത്തിൽ ടിയാൻ കോഴ്സ് ചെയ്തത് 2021-23 വർഷത്തിലാണെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട് . 2023-24 വർഷത്തിൽ ഉപരിപഠനം നടത്തുന്ന പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്കാണ് പദ്ധതി പ്രകാരം സ്കോളർഷിപ്പ് ലഭിക്കുവാൻ അർഹത എന്നിരിക്കെ, പഠനം പൂർത്തീകരിച്ച വ്യക്തിക്ക് സ്ക്കളർഷിപ്പ് അനുവദിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും ( നം. 30/23-24/ 27.06. 2024 ) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക അനുവദിച്ചതിന് കാരണം അറിയിക്കുകയോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കി വിവരമറിയിക്കുകയോ ചെയ്യേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി. | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി. |
|---|---|---|
| 2023-24 | 2023-24 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 66560 | 57/24-നെൽ കൃഷി വികസനം | 66560 | 0 |
| | 560000 | 21/24-ലൈഫ് മിഷൻ- ഭൂരഹിത ഭവനരഹിതർക്ക് സ്ഥലവും ഭൂമിയുള്ള ഭവനരഹിതർക്ക് വീടും -ജനറൽ | 560000 | 0 |
| | 80000 | 145/24-ലൈഫ് മിഷൻ -ഭൂരഹിത ഭവനരഹിതർക്ക് സ്ഥലവും ഭൂമിയുള്ള ഭവനരഹിതർക്ക് വീടും -എസ് സി | 80000 | 0 |
| | 569266 | 33/24-ലൈഫ് മിഷൻ -ഭൂരഹിത ഭവനരഹിതർക്ക് സ്ഥലവും ഭൂമിയുള്ള ഭവനരഹിതർക്ക് വീടും -എസ് സി | 569266 | 0 |
| | 548700 | 142/24-ലൈഫ് മിഷൻ- ഭൂരഹിത ഭവനരഹിതർക്ക് സ്ഥലവും ഭൂമിയുള്ള ഭവനരഹിതർക്ക് വീടും -ജനറൽ | 548700 | 0 |
| | 690000 | 23/24 -ശാരീരിക മാനസിക വെല്ലുവിളി -സ്കോളർഷിപ്പ് | 690000 | 0 |
| ജില്ലാ പഞ്ചായത്ത് | 1220000 | 21/24-ഭൂരഹിത ഭവനരഹിതർക്ക് സ്ഥലവും ഭൂമിയുള്ള ഭവനരഹിതർക്ക് വീടും -ജനറൽ | 1220000 | 0 |
| | 1575000 | 33/24-ലൈഫ് മിഷൻ -ഭൂരഹിത ഭവനരഹിതർക്ക് സ്ഥലവും ഭൂമിയുള്ള ഭവനരഹിതർക്ക് വീടും -എസ് സി | 1575000 | 0 |
| | 230000 | 23/24 -ശാരീരിക മാനസിക വെല്ലുവിളി -സ്കോളർഷിപ്പ് | 230000 | 0 |
| | 900000 | 40/24 -പട്ടിക ജാതി -സ്കോളർഷിപ്പ് | 900000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ ബിൽ/ ചെക്ക് നം, തീയ്യതി | മുൻകൂർ നല്കിയ തുക (₹) | ചെലവഴിച്ച തുക (₹) | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| കെ എസ് ഇ ബി | പ്രോജക്റ്റ് നം. 151/24 നിലാവ് പദ്ധതി - സ്ട്രീറ്റ് | 1)വൗച്ചർനം. XVFC/23-24/P/53/11.04.23-5,44,588 രൂപ | 14,29,517 രൂപ | 0 | പൂർത്തീകരിച്ചിട്ടില്ല. | 14,29,517 രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | മെയിൻ വലിക്കൽ (സ്പിൽ ഓവർ) | 2)വൗച്ചർനം. XVFC/23-24/P/40/17.10.23-8,84,929 രൂപ | | | | |
| കേരള വാട്ടർ അതോറിറ്റി | പ്രോജക്റ്റ് നം. 147/24 വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ മൂന്നാംഘട്ടം (സ്പിൽ ഓവർ) | വൗച്ചർ നം.XVFC/2023-24/P/23/21.08.23 ധനകാര്യകമ്മീഷൻ ഗ്രാന്റ് | 32,78,000 രൂപ | 0 | പൂർത്തീകരിച്ചിട്ടില്ല. | 32,78,000 രൂപ |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | GO(Rt)No31/13/2023/Fin തീയ്യതി 19-04-2023<br>GO(Rt)No5637/2023/Fin തീയ്യതി 29-07-2023<br>GO(Rt)No2858/2024/Fin തീയ്യതി 22-03-2024 | 2,11,39,227 | 4738011 | 21,53,666 | 0 | 2,37,23,572 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ എ.എഫ്.എസ്. പ്രകാരം 38,603/- രൂപയാണ് വരവുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആൾ | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2022-23 | 1-27 | 4511 | അസി.എഞ്ചിനീയർ | 1230102348 തി.21.08.2023 |
| 2022-23 | 1-27 | 1696 | അസി.എഞ്ചിനീയർ | 1230102349 തി.21.08.2023 |
| 2022-23 | 1-22 | 8040 | അസി.എഞ്ചിനീയർ | 1230102352 തി.21.08.2023 |
| 2021-22 | 1-14 | 24356 | മെഡിക്കൽ ഓഫീസർ, പി എച്ച് .സി | 1230000526 തി.15.02.2024 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2003-04 | 3-1 | 2007-08 | --- | ഡെപ്പോസിറ്റ് വർക്ക് ബാക്കി തുക തിരികെ ലഭിച്ചില്ല | നടപടി തുടരുന്നു |
| 2011-12, 2012-13 | 3-1 | 2015-16 | --- | അക്കൗണ്ടിംഗ് സമ്പ്രദായം | നടപടി തുടരുന്നു |
| 2014-15 | --- | 2016-17 | 2(1) | തൊഴിൽ നികുതി അപാകങ്ങൾ | നടപടി തുടരുന്നു |
| | | | 2(2) | വസ്തുനികുതി ഈടാക്കിയതിൽ 10698/- രൂപയുടെ കുറവ്. | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക**
ഇല്ല
**ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക**
ഇല്ല
**സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക**
ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 24,51,35,943 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 17,60,01,090 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 30,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | **67,85,427** |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 30,000 | ശ്രീ. ഭാസ്കരൻ പുളിക്കാനി ,<br>അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | | 30,000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 16,74,687 | ശ്രീ. രമേഷ് പി , സെക്രട്ടറി |
| 1-20 (1) | 1,68,183 | വി.ഇ.ഒ,ശ്രീമതി.സനിത പി |
| 1-20 (2) | 2,00,000 | വി.ഇ.ഒ,ശ്രീമതി.സനിത പി |
| 1-27 | 35,040 | ശ്രീമതി.സനിത പി, വി.ഇ.ഒ, |
| 1-30 | 47,07,517 | ശ്രീ. രമേഷ് പി , സെക്രട്ടറി |
| **ആകെ** | **67,85,427** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഭാസ്കരൻ പുളിക്കാനി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി കണ്ണമംഗലം ഗ്രാമ പഞ്ചായത്ത് | മലയിൽതൊടി,<br>പഴയങ്ങാടി പി.ഒ കൊണ്ടോട്ടി,<br>മലപ്പുറം പിൻ.673638 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ.എം.പി.എം.14/2139/2022(1) തിയ്യതി 13-10-2022 | 3 |
| 2005-06 | കെ.എസ്.എ.എം.പി.എം.14/2139/2022(3) തിയ്യതി 13-10-2022 | 4 |
| 2006-07 | കെ.എസ്.എ.എം.പി.എം.14/2139/2022(4) തിയ്യതി 13-10-2022 | 6 |
| 2007-08 | കെ.എസ്.എ.എം.പി.എം.14/2139/2022(5) തിയ്യതി 13-10-2022 | 8 |
| 2008-09 To 2010-11 | കെ.എസ്.എ.എം.പി.എം.14/2139/2022(6) തിയ്യതി 13-10-2022 | 10 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.14/2139/2022(7) തിയ്യതി 13-10-2022 | 1 |
| 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.14/2139/2022(8) തിയ്യതി 13-10-2022 | 7 |
| 2015-16 | കെ.എസ്.എ.എം.പിഎം.14/3000/16 തീയതി 06.02.2018 | 3 |
| 2016-17 | കെ.എസ്.എ.എം.പിഎം.14/1785/17 തീയതി 22.06.2018 | 14 |
| 2017-18 | കെ.എസ്.എ.എം.പിഎം.14/222/19 തീയതി 01.06.2019 | 19 |
| 2018-19 | കെ.എസ്.എ.എം.പിഎം.14/2557/19 തീയതി 07.05.2020 | 16 |
| 2019-20 | കെ.എസ്.എ.എം.പിഎം.14/1626/2021 തീയതി 16.02.2022 | 8 |
| 2020-21 | കെ.എസ്.എ.എം.പിഎം.14/1627/21 തീയതി,16.02.2022 | 7 |
| 2021-22 | കെ.എസ്.എ.എം.പിഎം.14/2579/22 തീയതി, 17-04-23 | 22 |

| | | |
|---|---|---|
| 2022-23 | കെ.എസ്.എ.എം.പിഎം.14/1984/23 തീയതി, 06-01-24 | 15 |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 30-05-2024 and submitted on 31-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Kannamangalam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Kannamangalam Grama Panchayat as on 31-03-2024

**Date: 31/07/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Kannamangalam Grama Panchayat for the Year 2023-2024.

### 1.Major Observations

NIL

### 2.Other Observations

1.The asset value shown in balance sheet is not traceable to Asset Register due to unsupported design of existing Asset Register.
2.The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts),2011 are not submitted for audit.
a)Ratios
b)notes on accounts
c) comparative amounts of previous year.
3.Bank book balance shown in bank reconciliation statement not tally with actual bankbook balance.
4.Appropriation Control Register is not Kept for the Specific Purpose grant amount deposited in own Fund which are notified in B-4 Schedule.
5.Expenditure amount booked under wrong account head.
6.The following Grant liability amount shown as liability in Balance sheet (cfc,tied+untied)does not match with Bank account opened for the specified grant amount.

7.The valuation of stock and stores are not done at the end of the financial year and no amount is included in B-14 Stock in hand (inventories) schedule.

8.Expenditure of following grant in Annual Financial Statement is not Agreed with Appropriation Control Register .

| Grant | ACR | AFS (I6+B3) | Difference |
|---|---|---|---|
| Development Fund(Genaral) | 23743299 | 22,551,286 | 11,92,013 |
| Development Fund(S.C.P) | 73,41,931 | 90,32,000 | 16,90,069 |
| Un Tied(CFC) | 38,61,518 | 38,79,988 | 18,470 |
| Maintanance Grant Non Road | 92,25,760 | 7,759,358 | 14,66,402 |

9.Lapses In Making Timely And Accurate Demand Entries In Respect Of Tax Revenue.

10.Net Increase/Decrease In Cash Flow Does Not Match With The Net Cash Generated By Operating, Investing And Financial Activities And Closing Balance Of Cash And Cash Equivalents .

11.No Provision Is Recorded In Balance Sheet (B-9 Schedule) For Unrealized Expenditure During The Financial Year Such As Honorarium Of Members, Fuel Charges Etc.)

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്